

വാരാന്തം

രാജൻ പി ദേവിനെ മുകേഷ് അനുസ്മരിക്കുന്നു



5 വായനയും പഠനവും കൈവിടാതെ



7 കോറസോൺ അക്വിനോ അന്തരിച്ചു

FAROOK COLLEGE LIB...



10 ബ്രിട്ടയ്ക്ക് കന്നി സ്വർണം റെക്കോഡോടെ


കോഴിക്കോട്

Established in 1942
www.deshabhimani.com
E-mail: dtdeshabhimani@gmail.com

# ദേശാഭിമാനി

2

2009 ആഗസ്ത്
ഞായർ
1184 കർക്കടകം 17

കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | കണ്ണൂർ | കോട്ടയം | തൃശൂർ | ബഹറൈൻ

പേജ് 16 • വില 4.50 രൂപ


# പാണക്കാട് ശിഹാബ്തങ്ങൾ അന്തരിച്ചു



സ്വന്തം ലേഖകൻ

മലപ്പുറം: മുസ്ലിംലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അന്തരിച്ചു. 73 വയസ്സായിരുന്നു. ശനിയാഴ്ച രാത്രി 8.45ന് മലപ്പുറത്തെ സ്വകാര്യാശുപത്രിയിലായിരുന്നു അന്ത്യം. കബറടക്കം ഞായറാഴ്ച പകൽ മൂന്നിന് പാണക്കാട് ജുമാമസ്ജിദ് കബർസ്ഥാനിൽ.

വീട്ടിലെ കുളിമുറിയിൽ വീണതിനെത്തുടർന്ന് ശനിയാഴ്ച പുലർച്ചെ 3.45നാണ് ശിഹാബ്തങ്ങളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ചുണ്ടിൽ മൂന്ന് തുന്നലിട്ട് അദ്ദേഹം ആശുപത്രിയിൽ തന്നെ വിശ്രമിക്കുകയായിരുന്നു. രാത്രി എട്ടരയോടെ ദേഹാസ്വാസ്ഥ്യം തോന്നിയതിനാൽ ഐസിയുവിലേക്ക് മാറ്റി. 8.45ഓടെ മരിച്ചു. മൃതദേഹം ആശുപത്രിയിൽ നിന്ന് പാണക്കാട്ടെ കൊടപ്പനക്കൽ തറവാട്ടിലേക്ക് കൊണ്ടുപോയി. മരണവിവരമറിഞ്ഞ് ആയിരങ്ങൾ പാണക്കാട്ടേക്ക് പ്രവഹിക്കുന്നു.

മൂന്നുപതിറ്റാണ്ടായി കേരള രാഷ്ട്രീയത്തിൽ നിറസാന്നിധ്യമായിരുന്ന തങ്ങൾ മുസ്ലിങ്ങളുടെ ആത്മീയ നേതാവെന്ന നിലയിലും പ്രശസ്തനാണ്. എല്ലാ വിഭാഗം ജനങ്ങളെയും ഒരേ മനസ്സോടെ കണ്ട അദ്ദേഹം കേരളത്തിന്റെ മതേതര പാരമ്പര്യത്തിന് നിസ്സീമമായ സംഭാവനയാണ് നൽകിയത്. ഒരു സമുദായത്തിന്റെ നേതാവെന്നതിലുപരി ജനങ്ങളുടെ മനസ്സിൽ സ്ഥാനം പിടിക്കുന്നതിനും ഇതിനാൽ തങ്ങൾക്കു കഴിഞ്ഞു. 1975 മുതൽ കേരളത്തിലെ മുസ്ലിം ലീഗിന്റെ നിയന്ത്രണം തങ്ങളുടെ കൈയിലായിരുന്നു. നയപരമായ തീരുമാനങ്ങൾക്കും മറ്റും ചുമതലപ്പെടുത്തിയിരുന്നതും അദ്ദേഹത്തെതയായിരുന്നു. എന്നാൽ പാർലമെന്ററി രംഗത്ത് കടന്നുവരുന്നതിൽ അദ്ദേഹം താൽപര്യപെട്ടില്ല.

ദർസ് പഠനത്തിനും സ്കൂൾ വിദ്യാഭ്യാസത്തിനും ശേഷം ഈജിപ്തിലെ അൽ അസ്ഹർ സർവകലാശാലയിൽ ഉപരിപഠനം. തുടർന്ന് കെയ്റോ സർവകലാശാലയിലെ അറബി ഡിപ്പാർട്ട്മെന്റിൽനിന്നും ലിസാൻസ് ബിരുദം നേടി. അറബി ഭാഷയിലും സാഹിത്യത്തിലും അറിവ് നേടിയ തങ്ങൾ മൂന്നുവർഷത്തെ സൂഫിസം കോഴ്സും പൂർത്തിയാക്കി. ഈജിപ്തിൽ പഠിക്കുമ്പോൾതന്നെ ലേഖനങ്ങൾ എഴുതിത്തുടങ്ങിയിരുന്നു. ഖലീൽ ജിബ്രാന്റെ കഥ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

മുസ്ലിംലീഗ് സംസ്ഥാന പ്രസിഡന്റായിരുന്ന പിതാവ് സയ്യിദ് പിഎംഎസ്എ പൂക്കോയ തങ്ങളുടെ മരണത്തെ തുടർന്ന് 1975 ൽ പാർടി അധ്യക്ഷ പദവി ഏറ്റെടുത്തു. ആയിഷാബീവിയാണ് ഉമ്മ.മുസ്ലിംലീഗ് പ്രസിഡന്റായിരുന്ന സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളുടെ മകൾ പരേതയായ ശരീഫാഫാത്തിമ ബീവി, ആയിശക്കുട്ടി ബീവി ചാലിയം എന്നിവർ ഭാര്യമാരാണ്.

ബഷീറലി ശിഹാബ്തങ്ങൾ, മുനവ്വറലി ശിഹാബ്തങ്ങൾ, ശരീഫാ സുഹ്റബീവി, ശരീഫാ ഫൈറൂസ് ബീവി, ശരിഫാ ശമീറാബീവി എന്നിവർ മക്കളും നാസർ മശ്ഹൂർതങ്ങൾ കണ്ണൂർ (കുവൈത്ത്), ലുഖ്മാൻ തങ്ങൾ (കുറ്റിപ്പുറം), യൂസുഫ് ഹൈദ്രോസ് തങ്ങൾ (കൊയിലാണ്ടി), ശമീമാ ബീവി (കണ്ണൂർ), ഹനിയ്യാബീവി (കൊയിലാണ്ടി) എന്നിവർ മരുമക്കളുമാണ്.

അബ്ദുൽഖാദർ ബാഫഖി തങ്ങൾ, അബ്ദുല്ല ബാഫഖി, ഹംസ ബാഫഖി, ഹുസൈൻ ബാഫഖി, ഇബ്രാഹിം ബാഫഖി, അബൂബക്കർ ബാഫഖി, ഉമർ ബാഫഖി (ജിദ്ദ), സൈനുൽ ആബിദീൻ ബാഫഖി (മലേഷ്യ), അലി ബാഫഖി, ഹസൻ ബാഫഖി, അഹമ്മദ് ബാഫഖി, മുസ്ലിംലീഗ് സംസ്ഥാന വൈസ്പ്രസിഡന്റ് ഉമർബാഫഖി തങ്ങളുടെ ഭാര്യ ശരീഫാ മുല്ലബീവി, അലി ബാഫഖി തങ്ങളുടെ ഭാര്യ ശരീഫാ ഉമ്മുബീവി, കോഴിക്കോട് വലിയഖാസിയായിരുന്ന മുഹ്സിൻ ശിഹാബ് തങ്ങളുടെ ഭാര്യ ശരീഫാ ഖദീജബീവി, ശരീഫാ മറിയംബീവി, ശരീഫാ റുഖിയബീവി, ശരീഫാ നഫീസബീവി എന്നിവർ സഹോദരങ്ങൾ.


5 ▶ മതസൗഹാർദത്തിന്റെ കാവലാൾ

ഏറനാടൻ ഗ്രാമമനസ്സ്

ആരും കൊതിച്ച സാമീപ്യം




## നിരുപമ റാവു ചുമതലയേറ്റു

ന്യൂഡൽഹി: മലയാളിയായ നിരുപമാ റാവു കേന്ദ്ര വിദേശകാര്യ സെക്രട്ടറിയായി ശനിയാഴ്ച ചുമതലയേറ്റു. ശിവശങ്കർ മേനോൻ വിരമിച്ച ഒഴിവിലാണ് നിയമനം. ചൈനയിൽ ഇന്ത്യൻ സ്ഥാനപതിയായിരിക്കെയാണ് വിദേശകാര്യ സെക്രട്ടറിയായി നിരുപമയെ നിയമിച്ചത്. വാഷിങ്ടൺ, മോസ്കോ എന്നിവിടങ്ങളിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയങ്ങളിലും നിരുപമ സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിദേശകാര്യ സെക്രട്ടറിയാകുന്ന രണ്ടാമത്തെ വനിതയാണ് മലപ്പുറം മുണ്ടുപറമ്പ് സ്വദേശിയായ നിരുപമ.

## പ്രസവത്തെ തുടർന്ന് അഞ്ചു മിനിറ്റിൽ ഒരു മരണം

ന്യൂഡൽഹി: ഇന്ത്യയിൽ പ്രസവത്തെ തുടർന്ന് ഓരോ അഞ്ചു മിനിറ്റിലും ഒരു സ്ത്രീ മരിക്കുന്നുവെന്ന് ഐക്യരാഷ്ട്രസഭയുടെ ആരോഗ്യവിഭാഗം റിപ്പോർട്ട്. സാധാരണക്കാരായ സ്ത്രീകൾക്ക് പോഷകാഹാരം നൽകുന്നതിലെ പാളിച്ചമൂലമാണ് ഇതെന്നും പഠനം വ്യക്തമാക്കി.

ഒരു ലക്ഷം പ്രസവം നടക്കുമ്പോൾ 301 പേർ മരിക്കുന്നതായി ആരോഗ്യരംഗത്ത് പഠനം നടത്തുന്ന ഐക്യരാഷ്ട്രസഭ ഉദ്യോഗസ്ഥനായ ആനന്ദ് ഗ്രോവർ പറഞ്ഞു. മരണത്തിൽ 25

## മുരളീധരന്റെ തിരിച്ചുവരവ്

# കോൺഗ്രസിൽ തർക്കം രൂക്ഷം

## സിപിഐ എം പ്രവർത്തകരെ കാർ കയറ്റി കൊല്ലാൻ ശ്രമം: 7 പേർക്ക് ഗുരുതര പരിക്ക്

കൂത്തുപറമ്പ്: നടന്നുപോകുന്ന സിപിഐ എം പ്രവർത്ത

FAROOK COLLEGE LIB



# മതസൗഹാർദത്തിന്റെ കാവലാൾ



ഡോ. കെ ടി ജലീൽ

ഇന്ത്യയിലാകെ വർഗീയ ധ്രുവീകരണവും ചേരിപ്പോരും ശക്തിപ്പെട്ടപ്പോഴും കേരളത്തിലെ മുസ്ലിങ്ങളെ മതേതരത്വത്തിന്റെയും മതസൗഹാർദത്തിന്റെയും വഴിയിൽ ചലിപ്പിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ച ഒരു വലിയ മനുഷ്യനായിരുന്നു പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ. പാണക്കാട് കുടുംബം പ്രവാചക പരമ്പരയിലെ ശ്രേഷ്ഠമായ ഒരു കണ്ണിയായാണ് വിശേഷിപ്പിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും നിറകുടങ്ങളാകാൻ ആ കുടുംബത്തിലെ ഓരോരുത്തർക്കും കഴിഞ്ഞു. അതിന്റെ മുൻപന്തിയിൽ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളായിരുന്നു. മുസ്ലിംലീഗിന്റെ സംസ്ഥാനാധ്യക്ഷൻ എന്നതിനപ്പുറം മുസ്ലിം സമുദായത്തിന്റെയും കേരളത്തിലെ നാനാജാതി മതസ്ഥരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റാൻ തങ്ങൾക്ക് കഴിഞ്ഞുവെന്നത് അപൂർവം രാഷ്ട്രീയ നേതാക്കൾക്ക് മാത്രമെ സിദ്ധിക്കാൻ കഴിഞ്ഞിട്ടുണ്ടാകൂ. ഒരു രാഷ്ട്രീയ പാർടിയുടെ എല്ലാമായിരുന്നിട്ടും അധികാര രാഷ്ട്രീയത്തിന്റെ ഇടനാഴികളിലേക്ക് അദ്ദേഹം വന്നില്ല.

കെയ്റോയിലെ പഠനത്തിലൂടെ അദ്ദേഹം ആർജിച്ചെടുത്ത പരിചയവും വിജ്ഞാനവും ശിഹാബ് തങ്ങളെന്ന രാഷ്ട്രീയ നേതാവിനെ കരുപ്പിടിപ്പിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചു. മുസ്ലിം സമുദായത്തിൽ അവാന്തര വിഭാഗങ്ങൾ ശക്തിപ്പെടുകയും ചിലപ്പോൾ അത് ആരോപണ പ്രത്യാരോപണത്തിന്റെ തലത്തിലേക്കും രൂക്ഷമായ വിമർശനത്തിന്റെ തലത്തിലേക്കും രൂപാന്തരപ്പെടുകയും ചെയ്തപ്പോൾ അവയിലൊന്നും ഭാഗഭാക്കാകാതെ മാറിനിന്ന് മുസ്ലിം സമൂഹത്തിന്റെ ഒരു പൊതുശബ്ദമാകാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ പുരോഗമന സ്വഭാവമുള്ളതും ആധുനിക കാഴ്ചപ്പാടുകൾ അംഗീകരിക്കുന്നതുമായിരുന്നു.

അദ്ദേഹവുമൊത്തുള്ള ഒരു യാത്രാവേളയിൽ ആശയ പ്രചാരണത്തിന്റെ പുതിയ സങ്കേതങ്ങളെ സംബന്ധിച്ചുള്ള ചർച്ച കടന്നുവന്നപ്പോൾ ഞാൻ ഇറാൻ സിനിമയെ സംബന്ധിച്ച് വാചാലമായി പറഞ്ഞു. എല്ലാം കേട്ടിരുന്ന അദ്ദേഹം പഴയകാല ഈജിപ്ഷ്യൻ നാടകങ്ങളെക്കുറിച്ചും അവ ഇസ്ലാമിക സമൂഹത്തിന്റെ നവോത്ഥാനത്തിൽ വഹിച്ച പങ്കിനെക്കുറിച്ചും പണ്ഡിതോജ്വലമായി പറഞ്ഞു തുടങ്ങിയപ്പോൾ ഞാൻ അത്ഭുതം കൂറി. ബന്ധപ്പെടുന്ന ഏതൊരാൾക്കും നല്ല ഓർമകൾ മാത്രം സൂക്ഷിക്കാനുള്ള അനുഭവങ്ങളേ അദ്ദേഹത്തിൽനിന്ന് ഉണ്ടായിട്ടുണ്ടാകുകയുള്ളൂ. ഇന്നുവരെ ഒരാളെയും പേരെടുത്ത് വിമർശിക്കാതെയും മാന്യതയുടെ അതിർ വരമ്പ് ഭേദിക്കുന്ന ഒരു വാക്കുപോലും പാർടികളെ സംബന്ധിച്ചോ വ്യക്തികളെ സംബന്ധിച്ചോ പറയാതെയും ഒരു പുരുഷായുസ്സ് ജീവിച്ച് തീർക്കാൻ അദ്ദേഹത്തിനല്ലാതെ മറ്റൊരു രാഷ്ട്രീയ നേതാവിനും കഴിഞ്ഞിട്ടുണ്ടാകും എന്ന് തോന്നുന്നില്ല. സമുദായിക പ്രശ്നങ്ങൾ ചില സന്ദർഭങ്ങളിലെങ്കിലും കേരളത്തിൽ അസ്വസ്ഥത പടർത്തിയപ്പോൾ അവിടെ സമാധാനദൂതനായി മുന്നിൽ നിൽക്കാൻ ഒരു ശിഹാബ് തങ്ങൾ നമുക്കുണ്ടായിരുന്നു. തങ്ങളുടെ വിയോഗം അതുകൊണ്ടുതന്നെ നാം ഇതുവരെ അനുവർത്തിച്ചുപോന്ന മതസൗഹാർദത്തിന്റെ ഹരിതാഭമാർന്ന ഭൂമികയിൽ സൃഷ്ടിച്ചേക്കാവുന്ന വിടവ് വളരെ വലുതായിരിക്കും.

സൗമ്യതയും ലാളിത്യവും ഒരുപോലെ മുഖമുദ്രയാക്കിയ അപൂർവം നേതാക്കളിലൊരാളായിരുന്നു ശിഹാബ് തങ്ങൾ. തീൻമേശയിൽനിന്ന് ചായയും പലഹാരങ്ങളും സ്വന്തം കൈകൊണ്ടെടുത്ത് സ്വീകരണമുറിയിലെത്തിയ അതിഥികളുടെ വലുപ്പചെറുപ്പം നോക്കാതെ അദ്ദേഹം എടുത്തുകൊടുക്കുന്നത് മനസ്സിലിന്നും വേറിട്ടുനിൽക്കുന്ന അനുഭവമാണ്.

മറ്റുള്ളവരുടെ നന്മകൾ കാണാനും നല്ലത് പറയാനുമാണ് തങ്ങൾ എപ്പോഴും ശ്രമിക്കാറുള്ളത്. സോക്രട്ടീസ് മരണപ്പെടുന്നതിന് തൊട്ടുമുമ്പ് തന്നെ വന്നുകണ്ട ശിഷ്യഗണങ്ങളോട് പറഞ്ഞ ഒരു വാക്കുണ്ട്. എന്റെ ജീവൻ ബലിയർപ്പിക്കപ്പെട്ടേക്കാം. അതുകൊണ്ട് എന്റെ ആശയങ്ങൾ അപ്രത്യക്ഷമാകുന്നില്ല. നിങ്ങളിലൂടെ അത് നിലനിൽക്കുകതന്നെ ചെയ്യും. തങ്ങളെ സ്നേഹിക്കുന്നവരും അദ്ദേഹത്തോട് അടുപ്പമുള്ളവരും ദൂരെനിന്ന് നോക്കിക്കണ്ടവരും അദ്ദേഹത്തോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടതും അദ്ദേഹം ഉയർത്തിപ്പിടിച്ച വിശുദ്ധിയും മൂല്യങ്ങളും മതമൈത്രിക്കായുള്ള അദ്ദേഹത്തിന്റെ അടങ്ങാത്ത അഭിവാഞ്ഛ സ്വജീവിതത്തിൽ പകർത്തിക്കൊണ്ടായിരിക്കണം.

# വായനയും പഠനവും കൈവിടാതെ...

രാഷ്ട്രീയ തിരക്കുകൾക്കിടയിലും വായനയും പഠനവും പാണക്കാട് ശിഹാബ്തങ്ങൾക്ക് ജീവിതത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ട് തന്നെ യാത്രകൾ വായനക്കുള്ള സമയമാക്കി മാറ്റി. ഈജിപ്തിൽ പഠിക്കുമ്പോൾ മലയാളത്തിലെ ചില ആനുകാലികങ്ങളിലടക്കം ലേഖനങ്ങൾ എഴുതിയിരുന്നു. ഈജിപ്തിലെ പത്രപ്രവർത്തനം, സൂയസ്കനാലും നാസർ പദ്ധതിയും, ലൈലാ ഖാലിദിൻെറ ആത്മകഥ എന്നിവ അവയിൽ ചിലതാണ്. ഒരിക്കൽ ഉസ്ബെക്കിസ്ഥാൻ റേഡിയോക്ക് അയച്ച പ്രബന്ധം സമ്മാനം നേടുകയുണ്ടായി.

പഠനത്തിൽ പാണക്കാട് ശിഹാബ്തങ്ങൾ ചെറുപ്പത്തിലേ മിടുക്ക് കാണിച്ചിരുന്നു. ഈജിപ്തിലെ അൽ- അസ്ഹർ സർവ്വകലാശാലയിൽ സ്കോളർഷിപ്പോടെ പഠിക്കാൻ ആ ചെറുപ്പക്കാരനെ പ്രാപ്തനാക്കിയതും ഈ മിടുക്കായിരുന്നു. മ



ഒരുക്കമായിരുന്നില്ല. പാണക്കാട് ഡി എം ആർ ടി സ്കൂൾ, കോഴിക്കോട് എം എം ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു ശിഹാബ് തങ്ങളുടെ സ്കൂൾ വിദ്യാഭ്യാസം. എം എം എച്ചിൽനിന്ന് എസ്എസ്എൽസി പാസായശേഷം തിരൂരിനടുത്ത തലക്കടത്തൂർ, രണ്ടത്താണിക്കടുത്ത കാനാഞ്ചേരി എന്നിവിടങ്ങളിലായി 1953 മുതൽ 1958 വരെ ദർസ് പഠനം.

അൽ-അസ്ഹറിലും ജിദ്ദയിലും ഉയർന്ന ജോലി ലഭിക്കാൻ സാധ്യതയുണ്ടായിരുന്നെങ്കിലും പിതാവ് പൂക്കോയതങ്ങളുടെ താൽപര്യപ്രകാരം നാട്ടിലേക്ക് മടങ്ങുകയായിരുന്നു. അൽ-അസ്ഹറിലെയും കെയ്റോയിലെയും പഠനകാലത്ത് അറബി ഭാഷയിലും സാഹിത്യത്തിലും അവഗാഹം നേടിയതോടൊപ്പം ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദ്യാർഥികളുമായി സമ്പര

ട്ടിൽ പിതാവിനെ സഹായിച്ച് വായനയും പഠനവുമായി കഴിഞ്ഞു. പിന്നീട് ഏറനാട് താലൂക്ക് മുസ്ലിംലീഗ് പ്രസിഡണ്ടായി. സംസ്ഥാന പ്രസിഡണ്ടായിരുന്ന പിതാവിൻെറ മരണത്തെതുടർന്ന് 1975 സപ്തംബർ ഒന്നിന് പാർടി അധ്യക്ഷ പദവി ഏറ്റെടുത്തു. ലീഗിൻെറ അഖിലേന്ത്യാ അധ്യക്ഷപദവിയിലേക്ക് പലവട്ടം ക്ഷണിക്കപ്പെട്ടുവെങ്കിലും അദ്ദേഹം നിരസിക്കുകയായിരുന്നു.

മിക്ക അറബ്-ഗൾഫ് രാജ്യങ്ങളും അമേരിക്ക, ഇറ്റലി, ഫ്രാൻസ്, ബ്രിട്ടൻ, മലേഷ്യ, സിംഗപ്പൂർ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.

1966 നവംബർ 24നായിരുന്നു വിവാഹം. ഇന്ത്യൻ യൂനിയൻ മുസ്ലിം ലീഗ് പ്രസിഡണ്ടായിരുന്ന സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളുടെ മകൾ ശരീഫാഫാത്തിമ ബീവിയാ

# മുസ്ലിം ന്യൂനപക്ഷത്തെ പൊതുധാരയിലെത്തിക്കാൻ യത്നിച്ചു: പിണറായി

തിരു: മുസ്ലിം ന്യൂനപക്ഷത്തെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ വലിയ സംഭാവന നൽകിയ രാഷ്ട്രീയവ്യക്തിത്വമായിരുന്നു പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടേതെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ 'അനുശോചന സന്ദേശത്തിൽ പറഞ്ഞു.

കേരള രാഷ്ട്രീയത്തിൽ മുസ്ലിംലീഗിന് ദിശാബോധം നൽകുന്നതിൽ അദ്ദേഹത്തിന്റെ രാഷ്ട്രീയ ഇച്ഛാശക്തി പല ഘട്ടത്തിലും പ്രകടമായി. അദ്ദേഹത്തിന്റെ രാഷ്ട്രീയനേതൃത്വവുമായി ഇണങ്ങിയും പിണങ്ങിയും ഇടപെടേണ്ടിവന്നിട്ടുണ്ട്. അഭിപ്രായവ്യത്യാസം നിലനിൽക്കുമ്പോൾത്തന്നെ മറുപക്ഷത്തുള്ളവരോട് അദ്ദേഹം സൗമ്യമായി പെരുമാറി. തീവ്രവാദം വിപത്തായി വളരുന്ന ഘട്ടത്തിൽ അതിനെ എതിർക്കുന്നതിനു പല ഘട്ടത്തിലും അദ്ദേഹം നല്ല നിലപാട് സ്വീകരിച്ചു. ശിഹാബ് തങ്ങളുടെ വേർപാടിൽ അഗാധമായി അനുശോചിച്ച പിണറായി കുടുംബാംഗങ്ങളെ ദുഃഖമറിയിച്ചു.

## സൗമ്യതയുടെ പ്രതീകം: കോടിയേരി

തിരു: പാണക്കാട് മുഹമ്മദാലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ അനുശോചിച്ചു. പതിറ്റാണ്ടുകളോളം കേരളരാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ശക്തനായ നേതാവായിരുന്ന അദ്ദേഹം സൗമ്യതയുടെ പ്രതീകമായിരുന്നു. രാഷ്ട്രീയനേതാവിനുപരി ആത്മീയനേതാവെന്ന നിലയിലും ജനങ്ങളുടെ ബഹുമാനം നേടിയ വ്യക്തിയായിരുന്നു അദ്ദേഹമെന്ന് കോടിയേരി അനുശോചനസന്ദേശത്തിൽ പറഞ്ഞു. തങ്ങളുടെ നിര്യാണത്തിൽ മന്ത്രിമാരായ പി കെ ശ്രീമതിയുംഎൻ കെ പ്രേമചന്ദ്രനും അനുശോചിച്ചു.

# ആരും കൊതിച്ച സാമീപ്യം

**ശി**ഹാബ് തങ്ങളുടെ ഡയറി ഏറെ വിചിത്രമാണ്. രാത്രി ഏറെ വൈകുംവരെ ശിഹാബ്തങ്ങൾക്ക് തിരക്കായിരുന്നു. ഒട്ടേറെ പരിപാടികൾ കഴിഞ്ഞ് രാത്രി വൈകി വീട്ടിൽ തിരിച്ചെത്തുമ്പോൾ കൊടപ്പനക്കൽ ആൾക്കൂട്ടമായിരിക്കും. അവരോടെല്ലാം സംസാരിച്ച് ഉറങ്ങാൻ കിടക്കുമ്പോൾ ഏറെ വൈകും. അടുത്ത പ്രഭാതത്തിൽ തങ്ങൾ പുറത്തിറങ്ങുമ്പോൾ സന്ദർശകപ്രവാഹം തുടങ്ങിയിരിക്കും.

എണ്ണമറ്റ തറക്കല്ലിടലുകളും ഉദ്ഘാടനങ്ങളും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. പള്ളികളുടെ, മദ്രസകളുടെ, അറബി കോളേജുകളുടെ, യത്തീംഖാനകളുടെ, മുസ്ലിംലീഗ് ഓഫീസുകളുടെ... അങ്ങനെ എല്ലായിടത്തും പരിപാടികൾക്ക് തങ്ങൾ മുന്നിൽനിൽക്കണമായിരുന്നു. വാർഷികങ്ങൾക്കും ജൂബിലികൾക്കും ആ സാന്നിധ്യം നിർബന്ധം. വ്യാപാര വ്യവസായ വാണിജ്യസ്ഥാപനങ്ങളുടെ ഉദ്ഘാടനങ്ങളും ശിഹാബ് തങ്ങൾ നിർവഹിക്കണമെന്ന് ശാഠ്യമുള്ളവർ ഏറെയാണ്. വിവാഹങ്ങൾക്കും പുതിയ വീടുകളിലെ താമസങ്ങൾക്കും മറ്റാഘോഷങ്ങൾക്കും ആ സാമിപ്യം കൊതിച്ചവർ ഏറെ.

സുന്നി-മുജാഹിദ്-ജമാഅത്ത് വിഭാഗീയതയില്ലാതെ എല്ലാവരും ശിഹാബ് തങ്ങളെ കണ്ടിരുന്നു. എല്ലാ സമുദായങ്ങളെയും ഒരു പോലെ അംഗീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. വിശ്രമിക്കാൻ വിടാതെ വളഞ്ഞുനിൽക്കുന്ന ജനങ്ങൾ. അവരിൽ എല്ലാ മതക്കാരും പാർടിക്കാരുമുണ്ടായിരുന്നു. എല്ലാവരെയും നിറഞ്ഞ പുഞ്ചിരിയോടെ തുറന്ന ഹൃദയത്തോടെ അദ്ദേഹം വരവേറ്റു.

ഇത്രവലിയ തിരക്കിനിടയിൽപോലും അദ്ദേഹം വായന ഒഴിവാക്കിയിരുന്നില്ല. മലയാളത്തിലും ഇംഗ്ലീഷിലും അറബിയിലുമൊക്കെയുള്ള പുസ്തകങ്ങളുടെ വലിയ ശേഖരം അദ്ദേഹത്തിന്റെ കൈവശമുണ്ട്. യാത്രയിലും തങ്ങൾക്ക് ഏറെ പ്രിയം പുസ്തകങ്ങൾ തന്നെയായിരുന്നു.

# തങ്ങൾ പ്രവർത്തിച്ചത് മതസൗഹാർദത്തിന്:മുഖ്യമന്ത്രി

തിരു: പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങളുടെ നിര്യാണത്തിൽ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ അനുശോചിച്ചു. പതിറ്റാണ്ടുകളായി കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു അദ്ദേഹം. മതസൗഹാർദം സംരക്ഷിക്കുന്നതിൽ നടത്തിയ പ്രവർത്തനങ്ങൾ അവിസ്മരണീയമാണ്. ശിഹാബ്തങ്ങളുടെ അപ്രതീക്ഷിത നിര്യാണത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നതായി മുഖ്യമന്ത്രി അനുശോചനസന്ദേശത്തിൽ പറഞ്ഞു.

## വൈക്കം വിശ്വൻ

തിരു: ആത്മീയനേതാവും മുസ്ലിംലീഗ് സംസ്ഥാന പ്രസിഡന്റുമായ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ എൽഡിഎഫ് കൺവീനർ വൈക്കം വിശ്വൻ അഗാധമായ അനുശോചനം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും മുസ്ലിംലീഗ് പ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായി അനുശോചനസന്ദേശത്തിൽ പറഞ്ഞു.

## വെളിയം

തിരു: മുസ്ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ ആകസ്മിക നിര്യാണത്തിൽ സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവൻ അനുശോചിച്ചു.

കാൽനൂറ്റാണ്ടിലേറെ ലീഗിനെ നയിച്ച ശിഹാബ് തങ്ങൾ കേരള രാഷ്ട്രീയത്തിലെ സജീവസാന്നിധ്യമായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് കേരളത്തിന് വലിയ നഷ്ടമാണെന്നും വെളിയം പറഞ്ഞു.

## സ്പീക്കർ

തിരു: രാഷ്ട്രീയ-ആത്മീയനേതാവായി കേരളത്തിന്റെ മതേതരത്വം സംരക്ഷിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ഉന്നതരായ നേതാക്കളിൽ ഒരാളെയാണ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ കേരളത്തിന് നഷ്ടമായതെന്ന് സ്പീക്കർ കെ രാധാകൃഷ്ണൻ അനുശോചനസന്ദേശത്തിൽ പറഞ്ഞു.

## ഗവർണർ

തിരു: മതേതരത്വം ഉയർത്തിപ്പിടിച്ച നേതാവായിരുന്നു പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളെന്ന് കേരള ഗവർണർ ആർഎസ് ഗവായ് അനുശോചനസന്ദേശത്തിൽ പറഞ്ഞു. മതസൗഹാർദവും സാമൂഹിക സൗഹാർദവും സംസ്ഥാനത്ത് കാത്തുസൂക്ഷിച്ചതിൽ പ്രധാന പങ്കുവഹിച്ച അദ്ദേഹത്തിന്റെ നേതൃപാടവം എന്നും ഓർമിക്കുമെന്നും ഗവർണർ അനുസ്മരിച്ചു.

# ഏറനാടൻ ഗ്രാമമനസ്സ്

**അ**ധികാരത്തിന്റെ ഗർവ് ഒട്ടുമില്ലാത്ത നേതാവ്. സംഘർഷ ഭൂമിയിൽ സമാധാനത്തിന്റെ പ്രവാചകൻ. മുസ്ലിങ്ങൾക്ക് ആത്മീയ നേതാവായിരിക്കെ എല്ലാ മതസ്ഥരെയും കോർത്തിണക്കുന്ന നേതാവ്. പാണക്കാട് ശിഹാബ് തങ്ങൾക്ക് വിശേഷണം അധവധി.

ഏറനാടൻ ഗ്രാമത്തിന്റെ മനസ്സുപോലെയാണ് ശിഹാബ് തങ്ങൾ. കൊടപ്പനക്കൽ തറവാട്ടിൽനിന്ന് ആൾക്കൂട്ടത്തിനുമുന്നിലേക്ക് നിറഞ്ഞ ചിരിയുമായി തങ്ങൾ ഇറങ്ങിയെത്തും. തൂവെള്ള വസ്ത്രവും തലയിൽ തൊപ്പിയുമായി മേശക്കുമുന്നിലെ കസേരയിൽ തങ്ങളിരിക്കും. പരാതികളും പരിഭവങ്ങളും വേദനകളുമാണ് ചുറ്റിലും. തങ്ങൾ പേനയും കടലാസുമെടുക്കുമ്പോൾ കാത്തിരുന്നവർ വേദനയുടെ ചുമടിറക്കുകയായി. അതെ, കൊടപ്പനക്കൽ തറവാട് ഒരു തുറന്ന കോടതിയായിരുന്നു. ആ നീതിപീഠത്തിനുമുന്നിൽ പ്രശ്നങ്ങളുടെ മാറാപ്പ് മറകൂടാതെ തുറന്നിരുന്നു. എല്ലാം വിശദമായി കേൾക്കുന്ന തങ്ങൾ. 'സാരമില്ല' എന്നൊരു മൊഴിയിൽ, സൗമ്യമായൊരു ചിരിയിൽ എല്ലാ സങ്കീർണതകളും ഉരുക്കിക്കളഞ്ഞു.

മറ്റേതൊരു വാക്കിനേക്കാളും വിലപ്പെട്ടതാണ് ഈ മുറ്റത്തെത്തുന്നവർക്ക് തങ്ങളുടെ വാക്കുകൾ. നീതിന്യായ കോടതികളിൽ വർഷങ്ങൾകൊണ്ട് പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾക്ക് അവിടെ ഏതാനും നിമിഷംകൊണ്ട് പരിഹാരമാകും. കുടിൽ മുതൽ കൊട്ടാരം വരെ പണിയുന്നവർ തങ്ങളുടെ അനുഗ്രഹം തേടിയെത്തി. മത-ആത്മീയ രംഗങ്ങളിലെന്നപോലെ രാഷ്ട്രീയരംഗത്തും തങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും കാതോർത്തവർ ഏറെ. കേരള രാഷ്ട്രീയത്തിൽ അവിചാരിതമായ മലക്കംമറിച്ചിലുകളും പ്രതിസന്ധികളും ഉണ്ടായപ്പോഴൊക്കെ രാഷ്ട്രീയകേന്ദ്രങ്ങൾ കൊടപ്പനക്കലിൽനിന്നുള്ള അഭിപ്രായം തേടി. തങ്ങളുടെ അഭിപ്രായം ലീഗിന്റെ അവസാനവാക്കായിരുന്നു.



മുഖ്യമന്ത്രി വി എസ് അച്യുതാനന്ദനും മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്കുമൊപ്പം

കോഴിക്കോട്
Established in 1942
www.deshabhimani.com
E-mail: cltdeshabhimani@gmail.com

# ദേശാഭിമാനി

3
2009 ആഗസ്ത്
തിങ്കൾ
1184 കർക്കടകം 18

കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | കണ്ണൂർ | കോട്ടയം | തൃശൂർ | ബഹറൈൻ
പേജ് 12 • വില 4.00 രൂപ

COLLEGE LIBRARY

## ഗാന്ധിജിയെക്കുറിച്ച് എഴുതാൻ ബ്രൗണിന് മോഹം

ലണ്ടൻ: മഹാത്മാഗാന്ധി ലോകത്തിന് നൽകിയ സംഭാവനകളെക്കുറിച്ച് എഴുതാൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൻ ബ്രൗണിന് മോഹം. ഗുജറാത്തി വാരിക 'ഗരാവി ഗുജറാത്തി'ന് നൽകിയ അഭിമുഖത്തിലാണ് ബ്രൗൺ ആഗ്രഹം വെളിപ്പെടുത്തിയത്.

സമാധാനത്തിന്റെ അപ്പോസ്തലനായ ഗാന്ധിജി 20-ാം നൂറ്റാണ്ടിലെ മഹാന്മാരായ നേതാക്കളിൽ ഒരാളാണെന്ന് ബ്രൗൺ പറഞ്ഞു. ഒരിക്കലും അധികാരം മോഹിച്ചിട്ടില്ലാത്ത അദ്ദേഹം ജനങ്ങളുടെ ഹൃദയം കീഴടക്കിയാണ് വിജയിച്ചത്. ബ്രിട്ടനും ഇന്ത്യയുമായുള്ള സഹകരണം പല രംഗത്തും മെച്ചപ്പെടണം. താൻ അടുത്തുതന്നെ ഇന്ത്യ സന്ദർശിക്കുമെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി പറഞ്ഞു.

## ഐഐടി മികവിൽ നാനോ സാറ്റലൈറ്റ്

കാൺപുർ: കാൺപുരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി വിദ്യാർഥികൾ ചെറു ഉപഗ്രഹം (നാനോ സാറ്റലൈറ്റ്) വികസിപ്പിച്ചു. വരൾച്ച, വെള്ളപ്പൊക്കം, സസ്യജാലങ്ങൾ, വനസമ്പത്ത് എന്നിവയെക്കുറിച്ച് വ്യക്തമായ വിവരം നൽകാൻ ഉതകുന്ന ഉപഗ്രഹം ഐഎസ്ആർഒയ്ക്കു കൈമാറും. ഈ വർഷം അവസാനം വിക്ഷേപിക്കാനാകുമെന്നാണ് പ്രതീക്ഷ.

എംഫിൽ വിദ്യാർഥി ശാന്തനു അഗർവാളിന്റെ നേതൃത്വത്തിൽ ഇരുപതംഗസംഘമാണ് ഉപഗ്രഹം രൂപകൽപ്പന ചെയ്തത്. രണ്ടരക്കോടി രൂപയാണ് നിർമാണച്ചെലവ്. 'ജുഗ്നു' എന്നു പേരിട്ട, 10 കിലോയിൽ താഴെമാത്രം ഭാരമുള്ള കുഞ്ഞുപഗ്രഹം വലിയ ഉപഗ്രഹങ്ങൾക്കൊപ്പമാണ് വിക്ഷേപിക്കുക. നാനോ സാങ്കേതികവിദ്യയുമായി നാനോ സാറ്റലൈറ്റിന് ബന്ധമില്ല.



വൈദ്യുതി ബോർഡ് ഒറ്റക്കമ്പനിയാക്കാം 5



# ശിഹാബ് തങ്ങൾക്ക് കണ്ണീരോടെ യാത്രാമൊഴി

റഷീദ് ആനപ്പുറം

മലപ്പുറം: മുസ്ലിം സമുദായത്തിൽ മതനിരപേക്ഷതയുടെ ഉറച്ച ശബ്ദമായിരുന്ന ശിഹാബ് തങ്ങൾ ഇനി നനവാർന്ന ഓർമ. മൂന്ന് പതിറ്റാണ്ടോളം കേരള രാഷ്ട്രീയത്തിൽ നിറസാന്നിധ്യമായിരുന്ന പാണക്കാട് കൊടപ്പനക്കൽ തറവാട്ടിലെ കാരണവർക്ക് കളിച്ചുവളർന്ന മണ്ണിൽ അന്ത്യവിശ്രമം.

പൂർണ ഔദ്യോഗിക ബഹുമതികളോടെ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ മയ്യത്ത് ഖബറിടത്തിലേക്കിറക്കുമ്പോൾ അന്ത്യകർമങ്ങൾക്ക് സാക്ഷിയായ പതിനായിരങ്ങൾ വിതുമ്പി.

മരണവിവരമറിഞ്ഞ് ശനിയാഴ്ച രാത്രി മുതൽ പതിനായിരങ്ങളാണ് മലപ്പുറത്തേക്ക് ഒഴുകിയത്. പൊതുദർശനത്തിന് വച്ച മലപ്പുറം ടൗൺഹാളും അന്ത്യകർമം നടന്ന പാണക്കാടും ജനത്തിരക്കിൽ വീർപ്പുമുട്ടി. ഞായറാഴ്ച വൈകിട്ട് മൂന്നിനാണ് പാണക്കാട് ജുമാമസ്ജിദിൽ ഖബറടക്കിയത്.

പുലർച്ചെ ആറരയോടെ മലപ്പുറം ടൗൺഹാളിൽ പൊതുദർശനത്തിനുവച്ച മൃതദേഹം പകൽ 1.45ന് വിലാപയാത്രയായി പാണക്കാട്ടേക്ക് കൊണ്ടുപോയി. തുടർന്ന് പള്ളിയിൽ നടന്ന മയ്യത്ത് നമസ്കാരത്തിനുശേഷം കബറിടത്തിനരികിലെത്തിച്ചു. ആചാരവെടിക്കുശേഷം കേരള പൊലീസിനുവേണ്ടി ഐജി ബി മുഹമ്മദ്യാസിൻ പുഷ്പചക്രം അർപ്പിച്ചു. മൂന്നിന് മയ്യത്ത് കബറിടത്തിലേക്കെടുത്തു. കേന്ദ്ര സർക്കാരിനു വേണ്ടി ആരോഗ്യ മന്ത്രി ഗുലാംനബി ആസാദ്, സംസ്ഥാന സർക്കാരിനെ പ്രതിനിധാനം ചെയ്ത് മന്ത്രി എൻ കെ പ്രേമചന്ദ്രൻ, സ്പീക്കർ കെ രാധാകൃഷ്ണൻ, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, ലീഗ് അഖിലേന്ത്യാ പ്രസിഡന്റ്കൂടിയായ കേന്ദ്രമന്ത്രി ഇ അഹമ്മദ് തുടങ്ങിയ പ്രമുഖർ അന്ത്യചടങ്ങിൽ പങ്കെടുത്തു.

ശനിയാഴ്ച പുലർച്ചെ വീട്ടിലെ കുളിമുറിയിൽ വീണതിനെ തുടർന്നാണ് ശിഹാബ് തങ്ങളെ മലപ്പുറത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നീട് നെഞ്ചുവേദന വന്ന് ഐസിയുവിലേക്ക് മാറ്റി. രാത്രി എട്ടേമുക്കാലിനാണ് മരിച്ചത്. തുടർന്ന് കൊടപ്പനക്കൽ വീട്ടിലെത്തിച്ച മൃതദേഹം പുലർച്ചെ ടൗൺഹാളിലേക്ക് കൊണ്ടുവന്നു. ടൗൺഹാളിനുമുമ്പിൽ പുലർച്ചെ അഞ്ച് മുതലേ നീണ്ട വരി രൂപപ്പെട്ടു. തിരക്ക് നിയന്ത്രിക്കാൻ പൊലീസും ലീഗ് പ്രവർത്തകരും ഏറെ വിഷമിച്ചു. ജനങ്ങളുടെ സൗകര്യത്തിനായി അരമണിക്കൂർ ഇടവിട്ട് മയ്യത്ത് നമസ്കാരവും നടന്നു. ഇതിനിടെ രാഷ്ട്രീയ-മത-സാമൂഹ്യ രംഗത്തെ പ്രമുഖർ അന്ത്യാഞ്ജലിയർപ്പിക്കാൻ എത്തിക്കൊണ്ടിരുന്നു.

മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, പാലോളി മുഹമ്മദ്കുട്ടി, പി കെ ശ്രീമതി, എളമരം കരീം, എസ് ശർമ, ബിനോയ്വിശ്വം, കെ പി രാജേന്ദ്രൻ, ഡപ്യൂട്ടി സ്പീക്കർ ജോസ് ബേബി, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, യുഡിഎഫ് കൺവീനർ പി പി തങ്കച്ചൻ, കെപിസിസി പ്രസിഡണ്ട് രമേശ് ചെന്നിത്തല, എ വിജയരാഘവൻ എംപി, കാന്തപുരം എ പി അബൂബക്കർ മുസ്ല്യാർ, അബ്ദുൾനാസർ മഅ്ദനി തുടങ്ങിയവർ അന്ത്യോപചാരമർപ്പിച്ചു.

തങ്ങളുടെ നിര്യാണത്തിൽ രാഷ്ട്രപതി പ്രതിഭ പാട്ടീലും പ്രധാനമന്ത്രി മൻമോഹൻസിങ്ങും അനുശോചിച്ചു. രാഷ്ട്രത്തിന് പ്രമുഖനായ പൊതുപ്രവർത്തകനെയാണ് നഷ്ടമായതെന്ന് അനുശോചനസന്ദേശത്തിൽ രാഷ്ട്രപതി പറഞ്ഞു. കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിയും അനുശോചിച്ചു.



പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ മയ്യത്ത് മലപ്പുറം ടൗൺഹാളിൽ പൊതുദർശനത്തിനുശേഷം കബറടക്കത്തിന് പാണക്കാട്ടേക്കു കൊണ്ടുപോകുന്നു

ജഗത്‌ലാൽ

## • എണ്ണ-പ്രകൃതിവാതക നിക്ഷേപം

# കൊച്ചിതീരത്ത്

ഹൈദരലി ശിഹാബ് തങ്ങൾ പിൻഗാമി





പാണക്കാട് ശിഹാബ്തങ്ങൾക്ക് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ അന്ത്യോപചാരം അർപ്പിക്കുന്നു



ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ അന്ത്യോപചാരമർപ്പിക്കുന്നു



മയ്യത്തിനരികെ കേന്ദ്രമന്ത്രിമാരായ ഗുലാംനബി ആസാദ്, ഇ അഹമ്മദ് എന്നിവർ

# കെ സി രാജഗോപാലൻ പ്രസിഡന്റ് മനോഹരൻ മോറായി ജനറൽ സെക്രട്ടറി



മനോഹരൻ മോറായി



കെ സി രാജഗോപാലൻ

കൊച്ചി: കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റായി കെ സി രാജഗോപാലനെയും (മലയാള മനോരമ), ജനറൽ സെക്രട്ടറിയായി മനോഹരൻ മോറായിയെയും (ദേശാഭിമാനി) എതിരില്ലാതെ തെരഞ്ഞെടുത്തു.

മനോരമ കൊല്ലം യൂണിറ്റിലെ സീനിയർ സബ് എഡിറ്ററായ രാജഗോപാലൻ 2005-'07ൽ യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. മനോഹരൻ മോറായി ദേശാഭിമാനി കണ്ണൂർ യൂണിറ്റിൽ ന്യൂസ് എഡിറ്ററാണ്. യൂണിയൻ ജില്ലാ പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

മുപ്പതംഗ സംസ്ഥാന നിർവാഹകസമിതിയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ജോയി വർഗീസ്, എ കെ സജീവൻ, കെ സുധാകരൻപിള്ള, ജി ബിനുലാൽ, കെ ജി മുരളീധരൻ (മാതൃഭൂമി), ആന്റണി ജോൺ, കെ മധുസൂദനൻ കർത്താ, സാനു ജോർജ് തോമസ്, കെ കെ മനോജ്കുമാർ (മലയാള മനോരമ), സുരേഷ് വെള്ളിമംഗലം, പി വി ജിജോ, ടി പി മോഹൻദാസ്, കെ രവികുമാർ (ദേശാഭിമാനി), പി എ അബ്ദുൾ ഗഫൂർ, എം ഫിറോസ്ഖാൻ (മാധ്യമം), കെ കുഞ്ഞിക്കണ്ണൻ, ആർ ആർ ജയറാം(ജന്മഭൂമി), കമാൽ വരദൂർ, വി എൻ അൻസൽ (ചന്ദ്രിക), സുനിൽ വടയാർ, യു പി സന്തോഷ് (കേരള കൗമുദി), പി ഗിരീഷ് കുമാർ (മംഗളം), ആനന്ദ് ഹരിദാസ് (ദി ഹിന്ദു), എസ് വി അയ്യർ (സൂര്യ ടിവി), എം പി ബഷീർ (ഇന്ത്യാവിഷൻ), എ ആർ രജീഷ് (കൈരളി ടിവി), കെ ജയപ്രകാശ് (ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്), ലിപ്സൺ ഫിലിപ്പ് (ദീപിക), സണ്ണി ലൂക്കോസ് ചെറുകര (കേരള ശബ്ദം), ബാസിത് ഹസ്സൻ (വർത്തമാനം) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. യു ബാബു ഗോപിനാഥ് വരണാധികാരിയായിരുന്നു.

# ദേശീയ ചലച്ചിത്രോത്സവത്തിന് ഇന്ന് കോഴിക്കോട്ട് തുടക്കം

NFFK 6-ാമത് ദേശീയ ചലച്ചിത്രോത്സവം

കോഴിക്കോട്: സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ആറാമത് ദേശീയ ചലച്ചിത്രോത്സവത്തിന് തിങ്കളാഴ്ച കോഴിക്കോട്ട് തുടക്കം. വൈകിട്ട് 6.30ന് ടാഗോർ ഹാളിൽ വിഖ്യാത ചലച്ചിത്രകാരൻ ബുദ്ധദേവ് ദാസ്ഗുപ്ത ഉദ്ഘാടനം ചെയ്യും. നാലുദിവസം നീളുന്ന മേളയിൽ ഇന്ത്യൻ സിനിമ, എൻഎഫ്ഡിസി ഫോക്കസ്, മലയാളം എന്നീ വിഭാഗങ്ങളിൽ 17 ചിത്രങ്ങൾ പ്രദർശിപ്പിക്കും.

തിങ്കളാഴ്ച പകൽ 11ന് എൻഎഫ്ഡിസി ഫോക്കസ് വിഭാഗത്തിൽ കേതൻ മേത്തയുടെ മിർച്ച് മസാല പ്രദർശിപ്പിക്കും. ഇന്ത്യൻ സിനിമ വിഭാഗത്തിൽ 1.45ന് പ്രിയദർശന്റെ കാഞ്ചീവരം, നാലിന് ജോസഫ് പുളിന്താനത്തിന്റെ റൂട്ട്സ് എന്നിവയും പ്രദർശനത്തിനുണ്ടാകും. ബുദ്ധദേവിന്റെ ആമി യാസിൻ ഔർ മധുബാലയാണ് ഉദ്ഘാടനചിത്രമായി രാത്രി 7.15ന് പ്രദർശിപ്പിക്കുക.

മേളയോടനുബന്ധിച്ച് നാല്, അഞ്ച്, ആറ് തീയതികളിൽ വൈകിട്ട് നാലിന് ഓപ്പൺ ഫോറമുണ്ടാകും. വിലാപങ്ങൾക്കപ്പുറം, ബയസ്കോപ്പ്, തലപ്പാവ്, ഇന്നത്തെ ചിന്താവിഷയം, ഭൂമിമലയാളം എന്നിവയാണ് മലയാള സിനിമാ വിഭാഗത്തിൽ പ്രദർശിപ്പിക്കുക.

ഉൽഘാടന ചടങ്ങിനോടുബന്ധിച്ച് മാനാഞ്ചിറ സ്ക്വയറിൽനിന്ന് സാംസ്കാരിക, ചലച്ചിത്ര പ്രവർത്തകർ പങ്കെടുക്കുന്ന ഘോഷയാത്ര വൈകിട്ട് 5.30ന് ആരംഭിക്കും. ഘോഷയാത്ര സിഎച്ച് ഫ്ളൈഓവർ വഴി ടാഗോർ സെന്റിനറി ഹാളിൽ പ്രവേശിക്കും.

മേളയുടെ ഭാഗമായുള്ള 'മലയാള സിനിമയുടെ ഇന്നലെകൾ' എന്ന ഫോട്ടോ എക്സിബിഷൻ രാവിലെ 10.45ന് ബ്ലെസി ഉദ്ഘാടനംചെയ്യും.

# സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സംഘടന

കോഴിക്കോട്: തൊഴിൽസുരക്ഷ ഉറപ്പാക്കുക, മിനിമംവേജസ് നിശ്ചയിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലെ തൊഴിലാളികൾ നടത്തിയ കൺവൻഷൻ സിഐടിയു അഖിലേന്ത്യാ വൈസ്പ്രസിഡന്റ് ജെ മേഴ്സിക്കുട്ടിയമ്മ ഉദ്ഘടനം ചെയ്തു. കേരള സ്റ്റേറ്റ് പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എം... ട്ടൻ (പ്രസിഡന്റ്), സി സി രതീഷ് (വൈസ്പ്രസിഡന്റ്), കെ കെ സജീവൻ (ജോ. സെക്രട്ടറി), ശശികുമാർ (ട്രഷറർ). പതിനഞ്ചംഗ സംസ്ഥാന കമ്മിറ്റിയും രൂപീകരിച്ചു.

അഡ്വ. പി അപ്പുക്കുട്ടൻ അധ്യക്ഷനായി. സിപിഐ എം ജില്ലാ സെക്രട്ടറി ടി പി രാമകൃഷ്ണൻ, സിഐടിയു സംസ്ഥാന സെക്രട്ടറി പി നന്ദകുമാർ, ശിവരാമൻ എന്നിവർ സംസാരിച്ചു. ടി ദാസൻ സ്വാഗതവും കെ ജയൻ നന്ദിയും പറഞ്ഞു.

# പാകിസ്ഥാനിൽ 4 താലിബാൻകാർ കൊല്ലപ്പെട്ടു

ഇസ്ലാമാബാദ്: പാകിസ്ഥാനിലെ വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ സൈന്യത്തിന്റെ ആക്രമണത്തിൽ നാല് താലിബാൻകാർ കൊല്ലപ്പെട്ടു. മലാകന്ദ് ഡിവിഷനിൽ നടന്ന തെരച്ചിലിനിടെ 28 പേർ പിടിയിലായി. പെഷവാറിൽ രണ്ടു പൊലീസുകാർ വെടിയേറ്റു മരിച്ചു. സ്വാതിലെ ദേര-ദന്ദ മേഖലയിൽ തെരച്ചിലിനിടെ രണ്ട് ഭീകരരെ സൈന്യം വധിച്ചു. ഏഴുപേർ പിടിയിലായി. ഗുലിബാഗിൽനിന്ന് പത്ത് ഭീകരരെ പിടികൂടി. പലയിടത്തും താലിബാന്റെ തുരങ്കങ്ങളും ആയുധശേഖരവും സൈന്യം കണ്ടെത്തി.

● 2 പേർ പിടിയിൽ

# സ്പിരിറ്റ് മാഫിയ ആക്രമിച്ചു; എസ്ഐക്കും

03
ഓഗസ്റ്റ് 2009 തിങ്കൾ
1430 ശഅ്ബാൻ 12
1184 കർക്കിടകം 18

Estd.1934

# ചന്ദ്രിക

FAROOK COLLEGE LIBRARY
DATE........
P.O. FAROOK COLLEGE

കാശ്മീർ യാത്ര
സപ്തംബർ 22-ന് പുറപ്പെടുന്നു
ഡൽഹി, അജ്മീർ, ആഗ്ര, രാജസ്ഥാൻ
പഞ്ചാബ്, വാഘ, കശ്മീർ പഠനയാത്ര വീണ്ടും
അഞ്ച് ദിവസത്തിനുള്ളിൽ ബുക്ക് ചെയ്യുക
നേതൃത്വം: ടി.എ. ഗഫൂർ മിസ്ബാഹി, തേഞ്ഞിപ്പലം
അൽ മിസ്ബാഹ് ടൂർസ് & ട്രാവൽസ്
ഫാമിലി, SP, VIP സൗകര്യം
കോഹിനൂർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി
Ph: 9847824280, 9446992738

പേജ് 16 വില 4.00
CHANDRIKA MALAYALAM DAILY PUBLISHED FROM KOZHIKODE, KOCHI, KANNUR, THIRUVANANTHAPURAM, DUBAI, BAHRAIN AND MALAPPURAM
കോഴിക്കോട്

# കൺമറഞ്ഞു



...നീണ്ട ധന്യനേതൃത്വത്തിലൂടെ

# സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ കൺമറഞ്ഞു.

എൻ.എ.എം. ജാഫർ
മലപ്പുറം

സമാധാനത്തിന്റെ വെള്ളരിപ്രാവ് പറന്നുപോയി. രണ്ടു തലമുറയിലെ ജനസഞ്ചയങ്ങളിൽ ആത്മീയ വിശുദ്ധിയുടെ, ആത്മസംയമനത്തിന്റെ, ലാളിത്യത്തിന്റെ മണിമുത്തുകൾ വിതറിയ മഹാനുഭാവനായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ഇനി ഓർമ്മകളുടെ മണിച്ചെപ്പിലേക്ക്. അക്ഷരാർത്ഥത്തിൽ കേരളത്തിന്റെ കരളകം തേങ്ങുകയായിരുന്നു. ശാന്തിമന്ത്രത്തിന്റെ ജ്യോതിസ്സായി സാധാരണക്കാരന്റെ മനസ്സുകളിൽ മധുരിക്കും നിലാവായി കൈരളിയുടെ ചക്രവാളത്തിൽ പരിലസിച്ച സ്നേഹത്തിന്റെ ദൂതന് നൊമ്പരത്തോടെ വിട.

ശനിയാഴ്ച രാത്രി 8.45ന് വിടപറഞ്ഞ തങ്ങളുടെ ജനാസ ഇന്നലെ വൈകീട്ട് 3 മണിക്ക് ഖബറടക്കി. പാണക്കാട് ജുമാഅത്ത് പള്ളി ഖബർസ്ഥാനിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെയായിരുന്നു ഖബറടക്കം. പാണക്കാട് കൊടപ്പനക്കൽ വസതിക്ക് താങ്ങാനാവാത്ത വിധം ജനസഞ്ചയം ഒഴികിയെത്തിയപ്പോൾ ഇന്നലെ രാവിലെ 6മണിക്ക് ജനാസ പൊതുദർശനത്തിനായി മലപ്പുറം മുനിസിപ്പൽ ടൗൺഹാളിൽ എത്തിച്ചിരുന്നു. പ്രിയനായകനെ അവസാന നോക്ക് കാണുവാൻ ലക്ഷങ്ങളാണ് മലപ്പുറത്തേക്ക് ഒഴുകിയത്. മലപ്പുറത്തേക്കുള്ള എല്ലാ വഴിത്താരകളും ജനനിബിഢമായിരുന്നു. രാഷ്ട്രീയ നേതാക്കളും മതപണ്ഡിതരും സാമൂഹിക പ്രവർത്തകരും തുടങ്ങി ജാതി-മത-വർഗ വ്യത്യാസമില്ലാതെ ജനനായകന് വിടചൊല്ലാനെത്തിയിരുന്നു. മുനിസിപ്പൽ ടൗൺഹാളും പരിസരവും ഇന്നലെ പകൽ മുഴുവനും ജനസാഗരത്താൽ വീർപ്പുമുട്ടി. രാവിലെ 6 മുതൽ ഉച്ചക്ക് 2വരെ നിരവധി തവണ ജനാസ നമസ്കാരം നിർവ്വഹിച്ചു. ഉച്ചയ്ക്ക് രണ്ടു മണിയോടെ ജനാസ പാണക്കാട് ജുമാമസ്ജിദിലേക്ക് കൊണ്ടുപോയി. കൃത്യം മൂന്നു മണിക്ക് ഔദ്യോഗിക ബഹുമതികളോടെ പാണക്കാട് ജുമാഅത്ത് പള്ളി ഖബർസ്ഥാനിൽ ജനാസ ഖബറടക്കി. ചടങ്ങിൽ പതിനായിരങ്ങൾ പങ്കെടുത്തു. തുടർന്ന് 4മണിക്ക് മുനിസിപ്പൽ ടൗൺഹാളിൽ ചേർന്ന അനുശോചന സമ്മേളനത്തിൽ നിരവധി നേതാക്കൾ സംബന്ധിച്ചു.

സമകാലിക ചരിത്രത്തിൽ ഒരു നേതാവിന് കേരളീയ പൊതുസമൂഹം ഏകമനസ്സോടെ ഇത്രത്തോളം സ്വീകാര്യത നൽകിയ നിമിഷങ്ങൾ മുമ്പുണ്ടായിട്ടില്ല. വികാരങ്ങൾക്കപ്പുറം വിവേകമാണ് യാഥാർത്ഥ്യമെന്നതിന് തങ്ങളുടെ ജീവിതം സാക്ഷിയാണ്. മൂന്നര പതിറ്റാണ്ടുകാലം നേർവഴിയുടെ നാൾവഴികൾ തീർത്ത് ഒരു സമൂഹത്തിന്റെ നെഞ്ചകത്ത് നന്മയുടെ ലോകം തുറന്നുകാട്ടിയ യുഗപുരുഷന്റെ ഓർമ്മകൾ ഇനി ജ്വലിച്ചു നിൽക്കും. സ്നേഹമായിരുന്നു മുഖമുദ്ര-അതല്ല കാരുണ്യമായിരുന്നു. സഹനമായിരുന്നു വാക്കുകളിൽ-അതല്ല സമാധാനമായിരുന്നു. അങ്ങനെ തങ്ങളുടെ വ്യക്തിത്വ വിശേഷണങ്ങളുടെ പട്ടിക നീണ്ടതാണ്. ആത്മീയഗുരു, രാഷ്ട്രീയ നേതാവ്, സാധാരണക്കാരന് ആശ്രയം, രോഗികൾക്ക് സമാശ്വാസം, വിദ്യനേടുന്നവർക്ക് പ്രോത്സാഹനം, കുരുന്നുകൾക്ക് വാത്സല്യം, കർമ്മനിരതർക്ക് വഴികാട്ടി, പ്രശ്നബാധിതന് പരിഹാരം-തങ്ങളുടെ കർമ്മമണ്ഡലങ്ങൾക്ക് അതിരുകളില്ല.

തങ്ങളുടെ വിയോഗം കേരളമണ്ണ് ഞെട്ടലോടെയാണ് ശ്രവിച്ചത്. പ്രവാസമനസ്സുകളിൽ വേവലാതി. തങ്ങളുടെ സാന്നിധ്യം അനുഭവിച്ചറിഞ്ഞവർക്ക് തൊട്ടറിഞ്ഞവർക്ക് വിങ്ങലായി. ഓർക്കുന്തോറും അത് തേങ്ങലായി. ജാതി-മത-ദേശ വ്യത്യാസമില്ലാതെ തിട്ടപ്പെടുത്താനാവാത്ത ആളുകളാണ് ജനാസ കാണാനെത്തിയത്. പാണക്കാട് ശിഹാബ് തങ്ങളുടെ വാക്കുകളും കർമ്മങ്ങളുംഎല്ലാ സാമൂഹ്യ അതിർത്തികളെയും ഭേദിക്കുന്നതാണെന്ന് ഇന്നലെ ഒരിക്കൽകൂടി വ്യക്തമായി. കേരളത്തിന്റെ സാമൂഹ്യഘടനക്ക് ഒരു സന്തുലിതാവസ്ഥ സൃഷ്ടിച്ചെടുക്കുന്നതിൽ തങ്ങൾ വഹിച്ച പങ്ക് തുല്യതയില്ലാത്തതായിരുന്നു. തങ്ങളുടെ പ്രവർത്തനമേഖലയിലൂടെ കേരളം നേടിയെടുത്ത സാമൂഹ്യ സുരക്ഷയും സംസ്കാരവും നുകരാത്ത ഒരു സമൂഹവുമില്ലെന്ന വിളംബരം കൂടിയായിരുന്നു ഇന്നലെ മലപ്പുറം സാക്ഷ്യം വഹിച്ച ലക്ഷങ്ങൾ. സ്നേഹത്തിന്റെ നിറകുടം സമ്മാനിച്ച ആ മഹാവ്യക്തിത്വത്തിന്റെ വേർപാട് തീർത്ത വിങ്ങുന്ന ഹൃദയങ്ങളുമായി ഓരോരുത്തരും മലപ്പുറത്തോട് വിടപറയുമ്പോൾ ഒരു അനാഥത്വം അനുഭവപ്പെടുന്നുണ്ടായിരുന്നു.

## സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾക്ക് ചുമതല



മലപ്പുറം: മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡണ്ടിന്റെ ചുമതല പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ നിർവഹിക്കുമെന്ന് മുസ്‌ലിംലീഗിന്റെ അടിയന്തിര സെക്രട്ടറിയേറ്റ് യോഗം തീരുമാനിച്ചു. ഞായറാഴ്ച വൈകീട്ട് പാണക്കാട്ട് കൊടപ്പനക്കൽ ചേർന്ന യോഗത്തിൽ അഖിലേന്ത്യാ പ്രസിഡണ്ട് ഇ. അഹമ്മദ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി സ്വാഗതം പറഞ്ഞു.

റമസാൻ വരെയുള്ള പാർട്ടിയുടെ എല്ലാ പൊതുപരിപാടികളും മാറ്റിവെക്കാൻ തീരുമാനിച്ചു. അന്തരിച്ച ശിഹാബ് തങ്ങൾ ഏറെ ഇഷ്ടപ്പെട്ട റിലീഫ് പ്രവർത്തനം കൂടുതൽ ഊർജിതമായി നടപ്പിലാക്കാൻ പരിപാടികളാവിഷ്ക്കരിച്ചു. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ശിഹാബ് തങ്ങൾ റിലീഫ് സെല്ലിന് രൂപം നൽകി. ശിഹാബ് തങ്ങളുടെ മരണത്തിൽ നേരിട്ടെത്തിയും അല്ലാതെയും ബന്ധുക്കളെ ആശ്വാസിപ്പിച്ച മത, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക രംഗത്തുള്ളവർക്ക് യോഗം നന്ദി രേഖപ്പെടുത്തി. ലക്ഷക്കണക്കിനാളുകൾ പങ്കെടുത്ത പൊതുദർശന പരിപാടിയിൽ ജനങ്ങളെ നിയന്ത്രിച്ച പോലീസ് അധികൃതർ, പൂർണ ഔദ്യോഗിക ബഹുമതി നൽകിയ സംസ്ഥാന സർക്കാർ, ഏറെ പ്രയാസപ്പെട്ട മാധ്യമപ്രവർത്തകർ എന്നിവർക്കും യോഗം പ്രത്യേകം നന്ദി പറഞ്ഞു.

മികച്ച നേതൃപാടവം കൊണ്ടും സംഘാടനം കൊണ്ടും ജനസമ്മിതി നേടിയ ഹൈദരലി ശിഹാബ് തങ്ങൾ കാൽ നൂറ്റാണ്ടായി മലപ്പുറം ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റിയുടെ പ്രസിഡണ്ടാണ്. നിരവധി മതസ്ഥാപനങ്ങളുടെയും മഹല്ലുകളുടെ അനാഥ, അഗതി മന്ദിരങ്ങളുടെയും അമരത്തിരുന്ന് സംഘാടന മികവ് പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുസ്‌ലിം ലീഗ് സംസ്ഥാന അച്ചടക്ക സമിതി ചെയർമാനാണ്. ചെമ്മാട് ദാറുൽ ഹുദാ അക്കാദമി പ്രസിഡണ്ട്, പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിക് കോളജ് സെക്രട്ടറി, എസ്.വൈ.എസ് സംസ്ഥാന പ്രസിഡണ്ട്, എസ്.എം.എഫ് സംസ്ഥാന സെക്രട്ടറി, ഇസ്‌ലാമിക വിദ്യാഭ്യാസ ബോർഡ് ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിക്കുന്നു.

വിദ്യാർത്ഥിയായിരിക്കെ തന്നെ സംഘാടന പാടവം തെളിയിച്ച തങ്ങൾ ബാല്യകാലം തൊട്ടെ മുസ്‌ലിംലീഗിന്റെ സജീവ പ്രവർത്തകനായിരുന്നു. മിക്ക തെരഞ്ഞെടുപ്പുകളുടെയും മുഖ്യചുമതലക്കാരനായി കഴിവു തെളിയിച്ചുണ്ട്. 62 വയസുണ്ട്. ഭാര്യ: സയ്യിദത്ത് സുഹ്റ. മക്കൾ: സയ്യിദത്ത് ഷായിദ, സയ്യിദത്ത് സാജിദ, നഈം, മുഈൻ. മരുമക്കൾ: ഹസീബ് തിരൂർ, നിയാസ് കോഴിക്കോട്.

സംസ്ഥാന സെക്രട്ടറിയേറ്റ് യോഗത്തിൽ ഹമീദലി ഷംനാട്, സയ്യിദ് ഹൈരലി ശിഹാബ് തങ്ങൾ, എം.പി. അബ്ദുസ്സമദ് സമദാനി, പി.വി. അബ്ദുൽവഹാബ് എം.പി, ഡോ. എം.കെ. മുനീർ, ടി.എ. അഹമ്മദ് കബീർ, കെ.പി.എ. മജീദ്, അഡ്വ. കെ.എൻ.എ. ഖാദർ, കല്ലടി മുഹമ്മദ്, ടി.പി.എം സാഹിർ പങ്കെടുത്തു.


لله وإنا إليه راجعون

Heartfelt condolence on the sad demise of



**Panakkad Syed Mohammedali Shihab Thangal**

President of the IUML Kerala State committe and legendary leader of Muslim India, who passed away on 1st August, 2009.

May Allah rest his soul in peace and enter into the eternal heaven, Aameen.

**PARCO GROUP**

P.A Rahman, Brothers & Staff

FAROOK COLLEGE LIBRARY DATE



# രാജ്യത്തിന് നഷ്ടമായത് മഹാനായ നേതാവിനെ: രാഷ്ട്രപതി

ന്യൂഡൽഹി: പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തോടെ പ്രശസ്തനായ ഒരു നേതാവിനെയാണ് രാഷ്ട്രത്തിന് നഷ്ടമായതെന്ന് രാഷ്ട്രപതി പ്രതിഭ പാട്ടീൽ അനുശോചന സന്ദേശത്തിൽ പറഞ്ഞു. സാമൂഹ്യ- സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിൽ സജീവ താൽപര്യമെടുത്ത പ്രഗത്ഭനായ സാമൂഹ്യ പ്രവർത്തകനായിരുന്നു ശിഹാബ് തങ്ങൾ.

അദ്ദേഹത്തിന്റെ മരണത്തോടെ, പ്രശസ്തനായ ഒരു നേതാവിനെയാണ് രാഷ്ട്രത്തിന് നഷ്ടമായത് -ശിഹാബ് തങ്ങളുടെ ഭാര്യ ആയിശ ബീവിക്ക് അയച്ച അനുശോചന സന്ദേശത്തിൽ രാഷ്ട്രപതി പ്രതിഭ പാട്ടീൽ പറഞ്ഞു. സന്ദേശത്തിന്റെ കോപ്പി രാഷ്ട്രപതി ഭവൻ ഇവിടെ പ്രസിദ്ധീകരണത്തിന് നൽകി.

## പ്രസ്ഥാനത്തിന് വഴികാട്ടിയെ നഷ്ടപ്പെട്ടു: ചെർക്കളം

സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗം വഴി മുസ്‌ലിംലീഗ് പ്രസ്ഥാനത്തിന് സാരഥിയും എസ്.ടി.യു.വിന് വഴികാട്ടിയും നഷ്ടപ്പെട്ടുവെന്ന് സ്വതന്ത്ര തൊഴിലാളി യൂനിയൻ സ്റ്റേറ്റ് പ്രസിഡണ്ട് ചെർക്കളം അബ്ദുല്ല പറഞ്ഞു.

മുസ്‌ലിംലീഗിന് സംസ്ഥാനത്തും ദേശീയതലത്തിലും അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞത് ശിഹാബ് തങ്ങൾ അമരത്തിരുന്നപ്പോഴാണ്. മുസ്‌ലിംലീഗ് ഇന്ത്യയിലെ ഭരണമുന്നണിയായ യു.പി.എ.യിൽ ഘടകകക്ഷിയായി. മുസ്‌ലിംലീഗ് കേരളം കടന്ന് പല സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് നേതൃയോഗം ശിഹാബ് തങ്ങളിലാണ് അങ്ങേയറ്റം പ്രതീക്ഷ അർപ്പിച്ചിരുന്നത്.

ഡൽഹിയിൽ മുസ്‌ലിം സമുദായത്തിന്റെ ഏറ്റവും ശക്തനായ നേതാവായി കോൺഗ്രസ് നേതൃത്വം കണ്ടതും ശിഹാബ് തങ്ങളെയായിരുന്നു -ചെർക്കളം പറഞ്ഞു. അതുപോലെ കേരളത്തിൽ എസ്.ടി.യു.വിന്റെ ഓരോ പ്രവർത്തനവും നടത്തിയത് തങ്ങളുമായി കൂടിയാലോചിച്ചുകൊണ്ടായിരുന്നു. ഏറ്റവുമൊടുവിൽ സുവർണ്ണ ജൂബിലി എംബ്ലവും അഫിലേഷൻ സർട്ടിഫിക്കറ്റുകളും പുറത്തിറക്കിയത് തങ്ങളായിരുന്നുവെന്നും ചെർക്കളം പറഞ്ഞു. ഇനിയും സമാദരണീയനായ തങ്ങളുടെ പാത പിന്തുടർന്നുകൊണ്ട് മുസ്‌ലിംലീഗും എസ്.ടി.യു.വും മുന്നോട്ടു കുതിക്കുമെന്നും ചെർക്കളം അഭിപ്രായപ്പെട്ടു.

## സമസ്ത അനുശോചിച്ചു

ആത്മീയതയും ഭൗതികതയും സമന്വയിപ്പിച്ച നേതാവായിരുന്നു പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെന്ന് കാളമ്പാടി മുഹമ്മദ് മുസ്‌ല്യാർ അനുശോചന സന്ദേശത്തിൽ ചൂണ്ടിക്കാട്ടി. അൽപ്പം സംസാരിച്ച് അധികം അർത്ഥങ്ങൾ സൃഷ്ടിച്ച അത്യപൂർവ്വ വ്യക്തിത്വമായിരുന്നു തങ്ങളെന്ന് സമസ്തകേരള ജംഇയ്യത്തുൽ ഉലമ ജന.സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ല്യർ പറഞ്ഞു.

സമസ്ത നേതാക്കളായ പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ല്യാർ, ടി.കെ.എം ബാവ മുസ്‌ല്യാർ, പി.കെ.പി അബ്ദുസ്സലാം മുസ്‌ല്യാർ, കോട്ടുമല എം. ബാപ്പുമുസ്‌ല്യാർ, സി.കെ.എം സാദിഖ് മുസ്‌ല്യാർ, ഡോ. ബഹാവുദ്ദീൻ നദ്‌വി, ഡോ.എൻ.എ.എം അബ്ദുൽ ഖാദിർ, പിണങ്ങോട് അബൂബക്കർ, അബ്ദുസ്സമദ് പൂക്കോട്ടൂർ, ഹാജി കെ. മമ്മദ് ഫൈസി, പി.പി മുഹമ്മദ് ഫൈസി, ഉമർ ഫൈസി മുക്കം, നാസിർ ഫൈസി, ഹമീദ് ഫൈസി, കാളാവ് സൈതലവി മുസ്‌ല്യാർ, കെ.എ റഹ്മാൻ ഫൈസി എന്നിവരും അനുശോചനം അറിയിച്ചു. സമസ്ത എംപ്ലോയീസ് അസോസിയേഷൻ ഭാരവാഹികളായ അബ്ദുൽ ഹമീദ് ഫൈസി, പി.ടി മുഹമ്മദ്, കെ. മോയിൻകുട്ടി മാസ്റ്റർ അനുശോചിച്ചു.

## ഇന്ന് ടൗൺഹാളിൽ സർവ്വകക്ഷി അനുശോചനം

കോഴിക്കോട്: മുസ്‌ലിംലീഗ് സംസ്ഥാന അദ്ധ്യക്ഷൻ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗത്തിൽ ഇന്ന് വൈകീട്ട് 4.30ന് ടൗൺഹാളിൽ സർവ്വകക്ഷി അനുശോചന യോഗം ചേരുമെന്ന് ജില്ലാ ലീഗ് ജനറൽ സെക്രട്ടറി എം.സി. മായിൻഹാജി അറിയിച്ചു.

**കേരള മുസ്‌ലിംകളുടെ കരുത്തുറ്റ നേതാവ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ അനുശോചനം പ്രവഹിക്കുന്നു. ശിഹാബ് തങ്ങളുടെ അന്ത്യം രാഷട്രീയ– വിദ്യാഭ്യാസ സാമൂഹിക മേഖലകൾക്ക് കനത്ത നഷ്ടമാണ് വരുത്തിവെച്ചിരിക്കുന്നത്.**



## സമസ്ത: പരീക്ഷ ഇന്ന്

കോഴിക്കോട്: ശിഹാബ് തങ്ങളുടെ നിര്യാണത്തെ തുടർന്ന് മാറ്റിവെച്ച സമസ്ത മദ്രസ പൊതുപരീക്ഷ ഇന്ന്(തിങ്കൾ) നടക്കുമെന്ന് പരീക്ഷ ബോർഡ് ചെയർമാൻ ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ അറിയിച്ചു.

## എം.എസ്.എഫ് വിക്ടറിഡേ ഉപേക്ഷിച്ചു

കോഴിക്കോട്: കോളേജ് യൂനിയൻ തെരഞ്ഞെടുപ്പിൽ എം.എസ്.എഫിനുണ്ടായ ഉജ്ജ്വലവജിയത്തോടനുബന്ധിച്ച് നടത്താനിരുന്ന എല്ലാ ആഘോഷപരിപാടികളും ഉപേക്ഷിച്ചതായി എം.എസ്.എഫ് സംസ്ഥാനകമ്മിറ്റി ഓഫീസിൽ നിന്ന് അറിയിച്ചു.

## ആലിയ ശിൽപശാല മാറ്റി

കോഴിക്കോട്: നാളെ അൻവരി ബിരുദദാരികളെ പങ്കെടുപ്പിച്ച് നടത്താനിരുന്ന ആലിയ ദഅ്‌വ വർക്ഷോപ്പ് ശിഹാ

## എസ്.ടി.യു. സംസ്ഥാന കമ്മിറ്റി

മലപ്പുറം: സമാദരണീയനായ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗത്തിൽ പ്രസിഡണ്ട് ചെർക്കളം അബ്ദുല്ലയുടെ അദ്ധ്യക്ഷതയിൽ ചേർന്ന എസ്.ടി.യു. സംസ്ഥാന ഭാരവാഹികളുടെ യോഗം അനുശോചിച്ചു. എസ്.ടി.യു. പ്രവർത്തനങ്ങൾക്കു ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും സംഘടനയെ മഹത്തായ മുന്നേറ്റത്തിൽ എത്തിക്കുകയും ചെയ്തത് മഹാനായ തങ്ങൾ ആയിരുന്നുവെന്ന് യോഗം ചൂണ്ടിക്കാട്ടി. അഹമ്മദ്കുട്ടി ഉണ്ണികുളം, വണ്ടൂർ ഹൈദരലി, യു. പോക്കർ, ജി. മാഹിൻ അബൂബക്കർ, ഇ.കെ.കെ. മുഹമ്മദ്, അഡ്വ. എസ്.വി. ഉസ്മാൻകോയ, അഡ്വ. പി.എം. ഹനീഫ, എം.എം. ഹമീദ്, എം.എ. കരീം, കെ. മൊയ്തീൻ പങ്കെടുത്തു. എസ്.ടി.യു.വിന്റെ രണ്ടാഴ്ചത്തെ പരിപാടികൾ മാറ്റിവെച്ചിട്ടുണ്ട്.

## കോഴിക്കോട് ഖാസി

സമൂഹത്തെ ദേശീയ മതേതര വീക്ഷണത്തിലേക്ക് ഉയർത്തികൊണ്ടുവന്ന നേതാവാണ് പാണക്കാട് ശിഹാബ് തങ്ങളെന്ന് കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ്കോയ തങ്ങൾ അനുശോചിച്ചു.

## കെ.എം.സി.സി

പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ മസ്കത്ത് കെ.എം.സി.സി പ്രസിഡന്റ് കൊയപ്പത്തൊടി മുഹമ്മദലി, ജന.സെക്രട്ടറി സി.കെ.വി യൂസുഫ്, ഖത്തർ കെ.എം.സി.സി പ്രസിഡന്റ്

ശിഹാബ് തങ്ങൾ വഹിച്ച പങ്ക് നിസ്സീമമാണ്. ഭീകരവാദം ശക്തികൂടി വന്ന ഘട്ടങ്ങളിലൊക്കെ അതിനെതിരെ ശക്തമായ നിലപാടെടുത്ത നേതാവായിരുന്നു തങ്ങൾ. പ്രസിഡന്റ് ഡോ. പി.എ ഫസൽ ഗഫൂർ അദ്ധ്യക്ഷത വഹിച്ചു. പ്രൊ ഫ. പി.ഒ.ജെ ലബ്ബ, എ. മുഹമ്മദ്, സി.ടി സക്കീർ ഹുസൈൻ പ്രസംഗിച്ചു.

വിദ്യാഭ്യാസ-സാംസ്കാരിക കേരളത്തിന് നികത്താനാവാത്ത നഷ്ടമാണ് തങ്ങളുടെ വിയോഗമെന്ന് ഡോ. കെ. മൊയ്തു പറഞ്ഞു.

## ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി

FAROOK COLLEGE LIB
DATE

# ലോകരാഷ്ട്രീയത്തിൽ അവഗാഹ പാണ്ഡിത്യം



കെ.മൊയ്തീൻ കോയ

ലോകരാഷ്ട്രീയത്തെകുറിച്ച് അവഗാഹ പാണ്ഡിത്യത്തിന്റെ ഉടമയായിരുന്നു പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങൾ. വിശേഷിച്ചും അറബ്-പശ്ചിമേഷ്യൻ രാഷ്ട്രീയം തിളച്ചു മറിയുമ്പോൾ, ശിഹാബ്തങ്ങൾ വ്യക്തമായ കാഴ്ചപ്പാട് പലപ്പോഴും വ്യക്തമാക്കുക പതിവാണ്. ശിഹാബ് തങ്ങളെ സന്ദർശിക്കാൻ അവസരം ലഭിച്ച വേളകളിൽ മിക്കപ്പോഴും അദ്ദേഹം പറയുന്ന കാര്യങ്ങളിൽ, രാഷ്ട്രാന്തരീയ സംഭവ വികാസങ്ങളെക്കുറിച്ചും അതേക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിലപാടുകളുമായിരുന്നുവെന്ന് സ്മരണയിൽ വരികയാണ്.

പശ്ചിമേഷ്യൻ പ്രശ്നത്തിൽ, ഇസ്രാഈലിന്റെ കിരാത നടപടിക്കെതിരെ അമർഷം പ്രകടിപ്പിക്കാറുണ്ട്. 1948 ൽ സാമ്രാജ്യത്വ ശക്തികൾ കുതന്ത്രത്തിലൂടെ ഫലസ്തീൻ ഭൂമികയെ വിഭജിക്കുകയും ഇസ്രാഈൽ എന്ന രാഷ്ട്രം അനുവദിക്കുകയും ചെയ്ത സംഭവം, മുസ്‌ലിംകൾക്കെതിരായ ഗൂഢാലോചനയായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഫലസ്തീൻ ജനതക്ക് സ്വന്തം രാഷ്ട്രം ആരുടെയും ഔദാര്യമല്ലെന്നും അതവരുടെ ജൻമാവകാശമാണെന്നും ശിഹാബ്തങ്ങൾ അഭിപ്രായപ്പെടുന്നു. ഫലസ്തീൻ രാഷ്ട്രം സ്ഥാപിക്കാതെ പശ്ചിമേഷ്യയിൽ സമാധാനം പുലരില്ല. അതേപോലെ ഇപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മിക്ക സംഘർഷത്തിനും കാരണം പശ്ചിമേഷ്യൻ പ്രശ്നത്തെ അടിസ്ഥാനമാക്കിയാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഫലസ്തീൻ വിഭജനം, സൂയസ് കനാൽ ദേശസാൽക്കരണം തുടങ്ങി, ഇറാഖ് അധിനിവേശം, അഫ്ഗാനിലെ യുദ്ധം എന്നിവയൊക്കെ ശിഹാബ്തങ്ങളുടെ സംഭാഷണങ്ങളിൽ വിഷയീഭവിക്കാറുണ്ട്. അമേരിക്കയിലെ രാഷ്ട്രീയ മാറ്റം അനിവാര്യമാണെന്ന് നേരത്തെ പ്രവചിച്ചവരിൽ ശിഹാബ്തങ്ങൾ ഉൾപ്പെടുന്നു.

സാമ്രാജ്യത്വത്തിന് എതിരായി ലോക മനസ്സാക്ഷി ഉണരണം. അതേ



# നിറകണ്ണുമായി, ഒട്ടുമുറങ്ങാതെ

നജീബ് കാന്തപുരം

ഒരു വിതുമ്പലിന്റെ അകമ്പടിയോടെയാണ് ഇന്നലെ രാത്രി ഫോൺ കോളുകൾ പ്രവഹിച്ചത്. വാക്കുകൾ ആരും പൂർത്തിയാക്കുന്നില്ല. മുറിഞ്ഞ വാചകങ്ങൾക്കിടയിൽ ഗദ്ഗദങ്ങൾ, കണ്ണീർ നനവാർന്ന ഏങ്ങലുകൾ. നമ്മുടെ തങ്ങൾ.... കേട്ടത് സത്യം തന്നെയാണോ..... എന്താണീ കേട്ടത്... ആർക്കും ആ യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കാനാവുന്നില്ല. ഫ്ളാഷ് ന്യൂസുകൾ വാർത്തകൾക്കിടയിൽ കടന്നുവരുമ്പോൾ ന്യൂസ് റീഡർമാർ പോലും ഒരു നിമിഷം സ്തബ്ധരായി. പ്രധാന വാർത്ത പറയുന്നതിനിടയിൽ ന്യൂസ് റീഡർ വാർത്ത നിർത്തി ദു:ഖമുറഞ്ഞ വാക്കുകളോടെ ന്യൂസ് ഫ്ളാഷുകൾ സ്ഥിരീകരിച്ചു. അതൊരു ഞെട്ടലായിരുന്നു. കേരളത്തിന്റെ നാനാദിക്കുകളിൽനിന്നും ഫോൺ കാളുകളുടെ പെരുമഴ.

ഒരു അലർച്ച പോലെയായിരുന്നു പിന്നെ ജനങ്ങളുടെ കുത്തൊഴുക്ക്. രാത്രി ഒമ്പതു മണിയോടെ തുടങ്ങിയ ആ പ്രയാണം ഇന്നലെ വൈകുവോളം തുടർന്നു. ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിൽനിന്നും വാഹനങ്ങൾ മലപ്പുറത്തേക്കൊഴുകി. പാതിരാവാകുമ്പോൾ മലപ്പുറം നഗരം ജനങ്ങളെക്കൊണ്ട് വീർപ്പ് മുട്ടുകയായിരുന്നു. മലപ്പുറത്തെത്തിയവർ വിളിച്ചുകൊണ്ടിരുന്നു. കാലുകുത്താനിടമില്ലാതെ ജനം വീർപ്പുമുട്ടുകയാണ്. ആരും ഇങ്ങോട്ട് വരേണ്ട. മറുപടി കേൾക്കാൻ ആരും കാത്തിരുന്നില്ല. ജനനായകനെ ഒരു നോക്കു കാണാനാവാതെ മടങ്ങേണ്ടിവന്നാലും ആ മഹാജനസഞ്ചയത്തിൽ ഒരു ബിന്ദുവാകുന്നതിന്റെ നിർവൃതിയായിരുന്നു ആളുകളുടെ മനസ്സിൽ.

മലപ്പുറം ഇന്നലെ ഒരുപോള കണ്ണടച്ചില്ല. പാതിര കഴിഞ്ഞിട്ടും കൊടപ്പനക്കൽ തറവാട്ടിലേക്കുള്ള തീർത്ഥ യാത്രയിലായിരുന്നു ജനങ്ങൾ. കിലോമീറ്ററുകൾ നീണ്ട യാത്രയുടെ തളർച്ച ആരെയും അസ്വസ്ഥരാക്കിയില്ല. വൃദ്ധരും കുട്ടികളും സാധാരണക്കാരും പണക്കാരുമായി ആബാലവൃദ്ധം ജനങ്ങൾ വാഹനങ്ങൾ ദൂരെ നിർത്തി നടക്കുകയാണ്. പാണക്കാട്ടേക്ക് പോലീസ് വാഹനങ്ങൾ നേരത്തെ തടഞ്ഞിരുന്നു. കാൽനടയായി നീങ്ങുന്ന ജനം റോഡുകളിലൂടെ നിറഞ്ഞൊഴുകി. എല്ലാറ്റിനും സാക്ഷിയായി പാണക്കാട് പുഴ താഴെ.

പുലർച്ചെയായിട്ടും ഒരുപോള കണ്ണടക്കാതെ ആ പ്രവാഹത്തിൽ ജനം കണ്ണിചേർന്നു. ബസ്സ്റ്റോപ്പിലും പീടികത്തിണ്ണയിലും ഇത്തിരി നേരം ഇരിക്കുന്നവരേറെ. ഇടക്ക് പെയ്ത ചാറ്റൽ മഴ ആരും വകവെക്കുന്നുണ്ടായിരുന്നില്ല. നനഞ്ഞൊലിച്ചും ആ യാത്ര തുടരുകയായിരുന്നു. കണ്ടുനിൽക്കെ നേരം പുലർന്ന ഒരു രാത്രിയായിരുന്നു അത്.

ഒരു നിമിഷവുമൊഴിയാതെ വാഹനങ്ങൾ ഒഴുകിക്കൊണ്ടേയിരുന്നു. ബൈക്കുകളിൽ പോലും ദൂര ദേശങ്ങളിൽ നിന്ന് ആളുകളെത്തുന്നുണ്ടായിരുന്നു. വാർത്ത കേട്ട ഉടനെ പുറപ്പെടുകയായിരുന്നു ആളുകൾ. ഭക്ഷണത്തെക്കുറിച്ച് ആരും ഓർത്തിരുന്നില്ല. വഴിനീളെയുള്ള തട്ടുകടകളും ഫാസ്റ്റ്ഫുഡ് കടകളുമെല്ലാം നേരത്തെ തന്നെ കാലിയായിരുന്നു. ആരും വിശപ്പറിഞ്ഞിരുന്നില്ല. ഒരു പരിധിവരെ പതിനായിരങ്ങൾ പട്ടിണി കിടക്കുകയായിരുന്നു. ഏറെ പേരും വല്ലതും കഴിച്ചത് ഇന്നലെയാണ്.

വൻ തിരക്കാണെന്ന മുന്നറിയിപ്പുകൾ ആരും വകവെച്ചിരുന്നില്ല. വാഹനങ്ങളുടെ ഹെഡ്‌ലൈറ്റുകളും സ്ട്രീറ്റ്‌ലൈറ്റുകളും രാത്രിയെ പ്രകാശിതമാക്കി. തിരക്കിലൊരു ബിന്ദുവായി പാതിനായിരങ്ങൾ ആ യാത്രയിൽ പങ്കുകൊണ്ടു. പ്രിയനായകനെ ഹൃദയത്തിലേറ്റുന്ന ജനതക്ക് ആ യാത്രയൊന്നും ദുഷ്കരമായിരുന്നില്ല. പുലർച്ചെ ചന്ദ്രികയുടെ കോപ്പികൾ വിതരണം ചെയ്യുമ്പോൾ നൂറുകണക്കിനാളുകളാണ് തടിച്ചുകൂടിയത്. പ്രിയ നായകനെ നേരിട്ടു കാണാനായില്ലെങ്കിലും ചിത്രത്തിലൂടെ ഒരിക്കൽകൂടെ കാണാനായിരുന്നു ആ തിരക്ക്. □



മുരളീധരൻ സന്ദർശിക്കുന്നു.

## നിയന്ത്രണത്തിന് വൻസന്നാഹങ്ങൾ

മലപ്പുറം: സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തെ തുടർന്ന് വിതുമ്പിയെത്തിയ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസ് ഒരുക്കിയത് വൻസന്നാഹങ്ങൾ.

മരണവാർത്തയറിഞ്ഞ് അണപൊട്ടിയൊഴുകിയ ജനക്കൂട്ടത്തെ നിയന്ത്രിക്കാനാവില്ലെന്നതിനാലാണ് ജനാസ ടൗൺ ഹാളിലേക്ക് മാറ്റാൻ തീരുമാനമായത്. ഇതുകാരണം ജനങ്ങൾക്ക് തങ്ങളുടെ പ്രിയ നായകനെ കാണാൻ കൂടുതൽ സൗകര്യങ്ങളായി.

ഐ.ജി. മുഹമ്മദ് യാസീന്റെ നേതൃത്വത്തിൽ മലപ്പുറം, തൃശൂർ, പാലക്കാട് എസ്.പിമാർക്ക് കീഴിൽ ഇരുന്നൂറോളം പോലീസുകാർക്കായിരുന്നു ക്രമസമാധാന ചുമതല.

ശനിയാഴ്ച രാത്രി തന്നെ മലപ്പുറം- വേങ്ങര സംസ്ഥാന പാതയിൽ ഗതാഗത നിയന്ത്രണം വരു

# അർദ്ധരാത്രിയിലും ഹയാതായി മലപ്പുറം

അഹമ്മദ്കുട്ടി ഉണ്ണികുളം

ശനിയാഴ്ച രാത്രി 8.45ന് വിടചൊല്ലിയ ശാന്തിനായകന്റെ വിയോഗവാർത്ത നാടെങ്ങും പരന്നത് ശരവേഗത്തിൽ! കേരളത്തിൽ നിന്നും ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുമായി എല്ലാ യാത്രകളും പാണക്കാട്ടേക്ക്. റോഡും പാളവും ആകാശവും വെള്ളവും കടന്ന് ജനലക്ഷങ്ങളെത്തി. അവരെ എണ്ണിത്തീർക്കാൻ കഴിയുമായിരുന്നില്ല. പാണക്കാടിന് അനേകമനേകം കിലോമീറ്റർ ചുറ്റളവിൽ റോഡുകളെല്ലാം ബ്ലോക്കായി. നാഴികകൾക്കപ്പുറത്തു നിന്ന് ഇറങ്ങി നടക്കുന്നവർ; റോഡുകളെല്ലാം ജനനിബിഡം.

രാത്രി പത്തരയോടെ തന്നെ മലപ്പുറത്തേക്കുള്ള പ്രവേശന കവാടങ്ങളെല്ലാം അടഞ്ഞിരുന്നു. ഞങ്ങൾ ചന്ദ്രികയിൽ നിന്നുള്ള സംഘം ചുറ്റിവളഞ്ഞ് രാത്രി മലപ്പുറം 'ചന്ദ്രിക'യിലെത്തി. ഒരിടത്തേക്കും തിരിഞ്ഞുകൂട. ജനലക്ഷങ്ങൾ ഒരു മേഖലയാകെ കയ്യടക്കിയിരിക്കയാണ്. റോഡുകളിലും പള്ളികളിലും കവലകളിലും ആയിരങ്ങൾ. തങ്ങളുപ്പാപ്പയെ അവസാനമായി ഒരു നോക്കുകാണാൻ ആർത്തിയോടെ ഓടിയണഞ്ഞവരാണെല്ലാം. മഹാ ഭൂരിഭാഗത്തിനും അടുത്തെക്കൊന്നും എത്താനായില്ല. ആശ സഫലമാവാതെ മടങ്ങിപ്പോന്നവർ നിരവധി. അർദ്ധരാത്രിയിലും മലപ്പുറം ഹയാതായി നിൽക്കുകയാണ്. ഒടുവിൽ ആശ്വാസ കിരണമായി ആ വാർത്ത വന്നു. രാവിലെ മലപ്പുറം ടൗൺഹാളിൽ

മാപ്പിള വീരകേസരിയുടെ സ്മാരകത്തിനു മുന്നിലായി ഒരുക്കിയ പന്തലിൽ രാവിലെ തന്നെ ആംബുലൻസ് വാനിൽ ആ കർമ്മയോഗിയുടെ ഭൗതികശരീരമെത്തി. അപ്പോഴേക്കും നോക്കെത്താദൂരത്തോളം ജനം ക്യൂ നിന്നു കഴിഞ്ഞിരുന്നു. പുലർച്ചെ മുതൽ പോലീസും മുസ്‌ലിംലീഗ് വളണ്ടിയർമാരും കഠിനാധ്വാനത്തിലൂടെ ബാരിക്കേഡുകൾ കെട്ടി. വരികളിൽ ആളുകളെ നിർത്താൻ ഏറെ പണിപ്പെടേണ്ടി വന്നു. പോലീസുകാർ എല്ലാം മറന്ന് സാധാരണ വളണ്ടിയർമാരായി. മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടിയുടെ ശക്തമായ നിർദ്ദേശങ്ങൾ അച്ചടക്കപൂർണ്ണമായ ക്യൂവിന് വഴികാട്ടിയായി. ഇ.ടി. മുഹമ്മദ് ബഷീറും അബ്ദുസ്സമദ് സമദാനിയും അബ്ദുറഹിമാൻ രണ്ടത്താണിയും നാസർഫൈസി കൂടത്തായിയും ടി.പി.എം. സാഹിറും പി.കെ. ഫിറോസും സി.കെ. സുബൈറുമടക്കം എത്രയെത്രയോ പേർ ശരീരം മറന്ന് ജനത്തെ നിയന്ത്രിച്ചു. ഡോക്ടർ എം.കെ. മുനീറിന്റെയും കെ.എം. ഷാജിയുടെയും പാണക്കാട് കുടുംബത്തിലെ മുഴുവൻ പേരുടെയും സവിധത്തിലൂടെ ആയിരങ്ങളുടെ നീണ്ട ക്യൂവാണ് നീങ്ങിക്കൊണ്ടിരുന്നത്. സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, സാദിഖലി ശിഹാബ് തങ്ങൾ, ബഷീറലി ശിഹാബ് തങ്ങൾ, മുനവ്വറലി ശിഹാബ് തങ്ങൾ, ഹമീദലി ശിഹാബ് തങ്ങൾ



തങ്ങളുടെ ജനാസ കണ്ട് പൊട്ടിക്കരയുന്ന കേന്ദ്ര റെയിൽവേ സഹമന്ത്രി ഇ. അഹമ്മദ്. പി.കെ കുഞ്ഞാലിക്കുട്ടി, പി.വി അബ്ദുൽവഹാബ് എം.പി, അബ്ദുസ്സമദ് സമദാനി സമീപം.

ചിത്രങ്ങൾ: സെയ്ദ് മുഹമ്മദ്



**കണ്ണീരടങ്ങാതെ...**

ഇ. അഹമ്മദ് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെ ആശ്വസിപ്പിക്കുന്നു.

പലരും വിങ്ങിപ്പൊട്ടി. നീണ്ട ക്യൂ ഭേദിച്ച് പലരും ആശ്ലേഷിക്കാനെത്തി. നേതാക്കൾക്ക് പിന്നിലായി നിൽക്കുമ്പോൾ പൊട്ടിക്കരയുന്നവരെയും പ്രാർത്ഥിക്കുന്നവരെയുമായി ആയിരങ്ങളെ കണ്ടു. നാല് പതിറ്റാണ്ടു കാലത്തോളം കുതിപ്പിലും കിത

ഓതിയും ഖുർആൻ സൂക്തങ്ങൾ ഉരുവിട്ടും അന്തരീക്ഷം ഭക്തിസാന്ദ്രമായി. മുഖ്യമന്ത്രി അച്യുതാനന്ദനും കേന്ദ്രമന്ത്രി ഗുലാംനബി ആസാദും മുസ്‌ലിംലീഗ് അഖിലേന്ത്യാ അദ്ധ്യക്ഷൻ

അനന്തമായി തുടർന്നു. ഉച്ചതിരിഞ്ഞ് ഭൗതികശരീരം വഹിച്ച് പാണക്കാട്ടേക്ക് യാത്രയായപ്പോൾ എല്ലാ നിയന്ത്രണവും പൊട്ടി.

എല്ലാം അവസാനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്ക



ഓരോരുത്തരെയും കണ്ടതോടെ



പ്രിയനേതാവിന്റെ ജനാസ കാണാൻ ഓടിക്കിതച്ചെത്തി വിങ്ങിപ്പൊട്ടിയ ഇ. അഹമ്മദ് സാഹിബിനെ ആശ്വസിപ്പിക്കാൻ സയ്യിദ് ഹൈദരലി ശിഹാബ്തങ്ങളടക്കം നേതാക്കൾ പാടുപെടുന്നുണ്ടായിരുന്നു.

വല്ലാത്ത ഹൃദയമിടിപ്പായിരുന്നു അപ്പോൾ അനുഭവപ്പെട്ടത്. കൂടാതെ വിദേശങ്ങളിൽ നിന്ന് രാവിലെ ഫ്ളൈറ്റിലെത്തിയ കെ.എം.സി.സി. നേതാക്കൾ; പ്രവർത്തകർ. എയർ പോർട്ടിൽ നിന്ന് നേരെയെത്തി ശിഹാബ് തങ്ങളുടെ ചലനമറ്റ ശരീരം കണ്ട് അവർ വാവിട്ടു. ഗൾഫിൽ നിന്നെത്തിയ തങ്ങളുടെ കുടുംബാംഗങ്ങളും അവസാനമായി ഒരു നോക്കു കണ്ട് വികാരതീവ്രതയോടെ മടങ്ങി.

ഇടവിട്ട സമയങ്ങളിൽ മയ്യിത്ത് നമസ്കാരം തുടർന്നുകൊണ്ടേയിരുന്നു. സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളിൽ നിന്നു തുടങ്ങി മഹാരഥന്മാരായ പണ്ഡിതരും തങ്ങൾ കുടുംബത്തിലെ അംഗങ്ങളും നമസ്കാരത്തിനു നേതൃത്വം നൽകി. എല്ലാവരും ഒരുമിച്ചുനിന്ന് പടച്ച തമ്പുരാനോട് പൊറുക്കലിനെ തേടി. യാസീൻ

നേതാവ് ഉമ്മൻചാണ്ടിയും കെ.പി.സി.സി. പ്രസിഡണ്ട് രമേശ് ചെന്നിത്തലയും യു.ഡി.എഫ്. കൺവീനർ പി.പി. തങ്കച്ചനും കെ.എം. മാണിയും എം.വി.ആറും എം.എം. ഹസ്സനും ഷാനവാസും പി.സി. ചാക്കോയും ആര്യാടൻ മുഹമ്മദും സ്പീക്കർ കെ. രാധാകൃഷ്ണനും മന്ത്രിമാരായ കോടിയേരിയും രാജേന്ദ്രനും... അങ്ങനെ നേതാക്കളുടെ പ്രവാഹമായിരുന്നു. ദീനീ രംഗത്ത് മലയാളക്കരയിൽ ശോഭ പരത്തുന്ന പണ്ഡിതശ്രേഷ്ഠരെല്ലാം ഹാജരുണ്ടായിരുന്നു. നേതാക്കളും നയതന്ത്രജ്ഞരും സാമൂഹ്യ-സാംസ്കാരിക നായകരും അതിലുപരി ലക്ഷക്കണക്കായ സാധാരണക്കാരും ഒഴുകിയെത്തിക്കൊണ്ടേയിരുന്നു. പുലർച്ചെ മുതൽ മഴ പിൻവാങ്ങി തുടങ്ങിയിരുന്നു. ജനലക്ഷങ്ങൾക്ക് അത് ആശ്വാസമായി. രാവിലെ ഏഴേകാലിന് തുടങ്ങിയ പ്രവാഹം ഉച്ച രണ്ടു മണിയായിട്ടും

തിങ്ങിനിറഞ്ഞവർ നിരവധി. മട്ടുപ്പാവിലെ കൈവരികളിൽ പിടിച്ച് അവർ നിന്നു. എന്തും സംഭവിക്കാവുന്ന അവസ്ഥ. കുഞ്ഞാലിക്കുട്ടി സാഹിബ് തന്നെ നിരവധി തവണ അപകടാവസ്ഥ ഉണർത്തി. ജനം തിളച്ചുമറിയുകയായിരുന്നു.

എന്തോ, ഒന്നും സംഭവിച്ചില്ല. ഭൗതികശരീരം പാണക്കാട്ടേക്ക് എടുത്തപ്പോൾ ജനങ്ങൾ കുത്തിയൊഴുക്ക് തുടങ്ങി. അവസാനം ചരിത്രമുറങ്ങുന്ന പാണക്കാട് ജുമാമസ്ജിദ് ഖബർസ്ഥാനിൽ. മണ്ണിൽനിന്ന് സൃഷ്ടിച്ചതിനെ മണ്ണ് ഏറ്റുവാങ്ങുകയാണ്. ആചാരവെടികൾ മുഴങ്ങി. തൊട്ടടുത്ത് ഇണേങ്ങിയും പിണങ്ങിയും കാലഭേദങ്ങളിലൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴ. ഏത് ഓളത്തിലും തളരാതെ, തകരാതെ, ഒരു ജനസഞ്ചയത്തെ നയിച്ച നീതിമാനായ ഭരണാധികാരി പൂർവ്വീകരോടൊപ്പം ചേരുകയാണ്. ജനലക്ഷങ്ങളുടെ അകമ്പടിയോടെ, അവരുടെ വികാരതീവ്രമായ പ്രാർത്ഥനയോടെ, ഉറ്റിയാലും ഉറ്റിയാലും തീരാത്ത കണ്ണീരോടെ...



**അവസാനയാത്ര...**

**മലപ്പുറം ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ച ശേഷം പാണക്കാട് ജുമാമസ്ജിദ് ഖബർസ്ഥാനിലേക്ക് ജനാസ കൊണ്ടുപോകുന്നു.**



**തിരുവനന്തപുരം ശാന്തിഗിരി ആശ്രമത്തിൽ നിന്നെത്തിയ സ്വാമിമാർ തങ്ങളുടെ ജനാസക്കരികെ.**



**എ.ഐ.സി.സി പ്രതിനിധിയായി പാണക്കാട്ടെത്തിയ കേന്ദ്രമന്ത്രി ഗുലാം നബി ആസാദും നേതാക്കളും മയ്യിത്ത് നമസ്കരിക്കുന്നു.**



**കെ.പി.സി.സി പ്രസിഡണ്ട് രമേശ് ചെന്നിത്തല ഹൈദരലി തങ്ങളെ ആശ്വസിപ്പിക്കുന്നു.**

# നാടുറങ്ങിയില്ല

## ശോകാർദ്രമായി ജനം

മലപ്പുറം: നാടിന്റെ രാവും പകലും ഇന്നലെ ശോകാർദ്രമായിരുന്നു. സ്നേഹനിധിയായ നേതാവിന്റെ വിയോഗം താങ്ങാനാവാതെ അടക്കിപ്പിടിച്ച വിതുമ്പലുകളുമായി അവർ പാണക്കാട്ടേയ്ക്കൊഴുകി.

ഉറങ്ങാതെ നിന്ന ഒരു രാത്രിക്കുശേഷമായിരുന്നു പുലർച്ചെ മുതൽ ടൗൺഹാളിന്റെ മുന്നിലേയ്ക്ക് ആ സാഗരം ഒഴുകിയെത്തിയത്. സംസ്ഥാനത്തിന്റെ എല്ലാ വഴികളും ഇന്നലെ മലപ്പുറത്തേയ്ക്കായിരുന്നു.

മരണവാർത്തയറിഞ്ഞതു മുതൽ കിട്ടിയ വാഹനങ്ങളിൽ അവർ അന്നു രാത്രി തന്നെ പാണക്കാട്ടെത്തി. ജനാസ കാണാൻ കിലോമീറ്ററുകളോളം ക്യൂ നിന്നു. മഴയും വെയിലും ആ നേതാവിന്റെ ഉജ്ജ്വല ഓർമ്മയ്ക്ക് മുന്നിൽ തടസ്സമായില്ല.

മരണം നടന്ന് അരമണിക്കൂറിനകം മലപ്പുറം വേങ്ങര റൂട്ടിൽ ഗതാഗത നിയന്ത്രണമുണ്ടായി. അതോടെ മലപ്പുറത്ത് വാഹനം നിർത്തി ഏഴുകിലോമീറ്ററോളം നടന്നാണ് ആളുകൾ ജനാസ കാണാനെത്തിയത്. പുലരുവോളം പാണക്കാട് കൊടപ്പനക്കൽ തറവാട് ജനനിബിഢമായിരുന്നു.

കാലത്ത് ഏഴുമണിക്ക് തന്നെ മയ്യിത്ത് ടൗൺഹാളിലെത്തിച്ചു. പ്രത്യേകം സജ്ജമാക്കിയ ഹാളിൽ പൊതുദർശനത്തിനു വെച്ചു. തുടർന്ന് മയ്യിത്ത് നിസ്കാരങ്ങളും പ്രാർത്ഥനകളും ഖുർആൻ പാരായണങ്ങളും കൊണ്ട് തങ്ങളുടെ നേതാവിന്റെ പരലോകത്തിന് ഉള്ളുരുകി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

അതേസമയം രോഗശാന്തിയും മനഃശാന്തിയും തേടിയെത്തിയിരുന്ന കൊടപ്പനക്കൽ തറവാടുമുറ്റം ഇന്നലെയും ജനനിബിഢമായിരുന്നു. പരസ്പരം സംസാരിക്കാതെ ശോകമൂകരായി തങ്ങളുടെ പ്രിയനേതാവിന്റെ വിയോഗത്തിൽ മനംനൊന്തായിരുന്നു അവർ ആ മുറ്റത്തെത്തിയത്. ടൗൺഹാളിൽ നിന്നും മയ്യിത്ത് അവസാനമായി കൊടപ്പനക്കലിലെത്തുമെന്ന് പ്രതീക്ഷിച്ച് കാത്തിരുന്നു. പക്ഷേ, നേരത്തെ അറിയിച്ചതനുസരിച്ച് തന്നെ ജനാസ നേരെ പള്ളിയിലേയ്ക്കാണ് കൊണ്ടുപോയത്.

മലപ്പുറം നഗരസഭയിൽ മാത്രമേ ഹർത്താലിന് വ്യാപാരി വ്യവസായി ഏകോപന സമിതി ആഹ്വാനം ചെയ്തുള്ളൂവെങ്കിലും ജില്ലയിലെങ്ങും ഹർത്താൽ പ്രതീതിയായിരുന്നു. പല റൂട്ടുകളിലും ബസ്സുകൾ ഓടിയില്ല. കടകൾ അടഞ്ഞു കിടന്നു. മത വിദ്യാഭ്യാസ സ്ഥാപനങ്ങൾ രണ്ടുദിവസത്തെ അവധി പ്രഖ്യാപിച്ചു. ജില്ലയിൽ ഇന്ന് നടക്കാനിരുന്ന പല പരിപാടികളും നീട്ടിവെച്ചു.

തങ്ങൾ സ്നേഹ സാന്നിദ്ധ്യം കൊണ്ട് വളർത്തിയ ജനസമുദ്രം നിറകണ്ണുകളോടെയാണ് ആ മഹാമനീഷിയെ യാത്രയാക്കിയത്.

തങ്ങൾ പ്രസിഡന്റായ യതീംഖാനകൾ, ഇസ്ലാമിക് കോളജുകൾ തുടങ്ങി മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേകം പ്രാർത്ഥനകൾ നടന്നു.

പലരും ഗൾഫ് നാടുകളിൽ നിന്ന് കിട്ടിയ ഫ്ളൈറ്റിൽ പറന്നെത്തി. ഗൾഫിൽ തന്നെ പ്രവാസി സംഘടനകൾ അനുശോചന യോഗങ്ങൾ സംഘടിപ്പിച്ചു.



### ഉദ്ഘാടനത്തിനു മുമ്പേ പള്ളി തുറന്നത് തങ്ങളുടെ ജനാസ നിസ്കാരത്തിന്

മലപ്പുറം: ഉദ്ഘാടനത്തിന് മുമ്പേ പാണക്കാട് ജുമുഅത്ത് പള്ളി തുറന്നത് ശിഹാബ് തങ്ങളുടെ ജനാസ നിസ്കാരത്തിന്. തങ്ങളുടെ മേൽനോട്ടത്തിൽ പുതുക്കിപ്പണിയുന്ന ഈ പള്ളി റമളാനിൽ തുറക്കാനിരിക്കുകയായിരുന്നു. അതിനിടെയാണ് ശിഹാബ് തങ്ങളുടെ അന്ത്യമുണ്ടായത്. ശിഹാബ് തങ്ങളുടെ പത്നി ശരീഫാ ബീവി, സഹോദരൻ സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ എന്നിവരുടെ മരണ സമയങ്ങളിൽ ഈ പള്ളി നിർമ്മാണഘട്ടത്തിലായിരുന്നു. അതിനാൽ പള്ളിയിൽ ജനാസ നിസ്കാരം നടന്നില്ല. ഉമറലി ശിഹാബ് തങ്ങളായിരുന്നു പള്ളിയുടെ മേൽനോട്ടം വഹിച്ചിരുന്നത്.

### മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകാൻ

### പ്രിയതമയുടെയും സഹോദരന്റെയും ചാരത്ത് തങ്ങൾക്ക് അന്ത്യവിശ്രമം

മലപ്പുറം: സഹോദരൻ പാണക്കാട് സയ്യിദ് ഉമറലി ശിഹാബ് തങ്ങളുടെയും ഭാര്യ ശരീഫാബീവിയുടെയും ചാരത്ത് ശിഹാബ് തങ്ങൾക്കും അന്ത്യവിശ്രമം. പാണക്കാട് ജുമുഅത്ത് പള്ളിയുടെ പടിഞ്ഞാറു ഭാഗത്താണ് ജനനായകന് [illegible] ലൻസിൽ ജനാസ നേരെ പള്ളിയിലേക്ക് കൊണ്ടുപോവുകയായിരുന്നു. പോലീസ് സേനയുടെ പ്രത്യേക സംരക്ഷണത്തിലാണ് ജനാസ പള്ളിയിലേക്കെടുത്തത്. ജനാസ വീട്ടിലെത്തുമെന്ന് പ്രതീക്ഷിച്ച് വലിയൊരു ജനക്കൂട്ടം ഈ സമയം [illegible]

ജനാസ വഹിച്ചെത്തിയ ആംബുലൻസ് പള്ളിയുടെ റോഡിലേക്ക് കടന്നതോടെ അതുവരെ ജനത്തെ നിയന്ത്രിച്ച പോലീസ് നിസ്സഹായരായി. വിതുമ്പിയെത്തിയ ജനക്കൂട്ടത്തിനു മുമ്പിൽ പോലീസിന്റെ പ്രതിരോധം നാമമാത്രമായിരുന്നു. തഹ്ലീ [illegible]

